/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2024 ഏപ്രിൽ ▪ പുസ്തകം 10 ▪ ലക്കം 9



# ജനാധിപത്യത്തിന്റെ മഹോത്സവം

ജനാധിപത്യത്തിന്റെ കരുത്തും സൗന്ദര്യവുമാണ് പൊതുതെരഞ്ഞെടുപ്പുകൾ

## കൊടുംചൂടിലെ കേരളം


SAMAKALIKA JANAPADAM MONTHLY
അറിവിന്റെ ആധികാരികത
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
ഇപ്പോൾ
കൂടുതൽ
മിഴിവോടെ
സമകാലിക
ജനപഥം
വാർഷിക
വരിസംഖ്യ
120 രൂപ
ഒറ്റപ്രതി
12 രൂപ
വരിക്കാരാകാൻ
ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം
പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം.
താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.
ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 ഏപ്രിൽ 1 ● പുസ്തകം 10 ● ലക്കം 9

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് അഡീഷണൽ എഡിറ്റർ സലിൻ മാങ്കുഴി
ഡപ്യൂട്ടി എഡിറ്റർ കെ പി സരിത എഡിറ്റർ-ഇൻ-ചാർജ് കെ എസ് ഇന്ദുശേഖർ
അസിസ്റ്റന്റ് എഡിറ്റർ പ്രഭാത് നായർ സർക്കുലേഷൻ ഓഫീസർ മെർലിൻ ജെ എൻ
കവർ & ലേഔട്ട് രതീഷ് കുമാർ (ഡിജിക്രോ) ടൈപ്പ് സെറ്റിങ്ങ് വിനിത വി എസ്

എഡിറ്റോറിയൽ >>

# ജനാധിപത്യത്തിന്റെ മഹോത്സവം



ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ. അതിനാൽ തന്നെ ജനാധിപത്യത്തിന്റെ ഉത്സവം തന്നെയായി മാറുന്ന ഇന്ത്യൻ പൊതുതെരഞ്ഞെടുപ്പുകൾ മറ്റു ലോകരാജ്യങ്ങൾക്കും കൗതുകകരമാണ്. ഇത്രയേറെ വൈപുല്യവും വൈവിധ്യവുമുള്ള ഈ രാജ്യം അതിന്റെ തെരഞ്ഞെടുപ്പ് പ്രക്രിയ സ്വതന്ത്രവും നീതിയുക്തവുമാക്കാൻ നടത്തുന്ന തയ്യാറെടുപ്പുകളും അതീവ ശ്രദ്ധയോടെയാണ്. സ്വാതന്ത്ര്യാനന്തരം ആദ്യ പൊതുതെരഞ്ഞെടുപ്പ് നടക്കുന്നത് 1951-52 ലാണ്. 2024 ഏപ്രിൽ 19 മുതൽ ജൂൺ ഒന്ന് വരെ ഏഴ് ഘട്ടങ്ങളിലായി നടക്കാൻ പോകുന്നത് 18-ാമത് ലോക്സഭ തെരഞ്ഞെടുപ്പും.

ഇതിനകം തെരഞ്ഞെടുപ്പ് പ്രക്രിയയും വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കഴിഞ്ഞിട്ടുണ്ട്. ബാലറ്റ് പെട്ടിയിൽനിന്ന് ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീനിലായി വോട്ട്. സ്ഥാനാർഥികൾക്കും രാഷ്ട്രീയപാർട്ടികൾക്കും മാതൃകാപെരുമാറ്റച്ചട്ടം നിലവിൽവന്നു. ചുവരെഴുത്തും പോസ്റ്ററുകളും പോലുള്ള പരമ്പരാഗതമാധ്യമങ്ങൾ ഇപ്പോഴുമുണ്ടെങ്കിലും പ്രചാരണത്തിൽ സാമൂഹികമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും വർധിതപ്രീതി നേടിയിരിക്കുന്നു. മാറ്റമില്ലാത്തത് വോട്ടിങ്ങിലുള്ള ജനങ്ങളുടെ ആവേശത്തിനാണ്. തെരഞ്ഞെടുപ്പിൽ തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള ആ താല്പര്യം എല്ലാവരും വിനിയോഗിക്കട്ടെ. ജനാധിപത്യത്തിന്റെ കരുത്തും സൗന്ദര്യവും തെളിയുന്ന ഇന്ത്യൻ തെരഞ്ഞെടുപ്പിനെക്കുറിച്ചാണ് ഈ ലക്കം ജനപഥം കവർസ്റ്റോറി.

ചൂടേറുന്ന കേരളത്തെക്കുറിച്ച് വിദഗ്ധർ എഴുതിയ ലേഖനം, വൈക്കം സത്യഗ്രഹത്തിന്റെ ശതാബ്ദി സ്മരണ, കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ സുപ്രധാന വ്യക്തിത്വങ്ങളിലൊന്നായ തോപ്പിൽ ഭാസിയുടെ ജന്മശതാബ്ദി സ്മരണ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

**ടി വി സുഭാഷ് ഐ എഎസ്**
എഡിറ്റർ

2024 APRIL 1 VOLUME 10 ISSUE 9 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*

/samakalikajanapadham/ /prd.kerala.gov.in/publications




# ലോക്സഭ തെരഞ്ഞെടുപ്പ് 2024

6 ജനാധിപത്യത്തെ ശുദ്ധീകരിക്കുന്ന തെരഞ്ഞെടുപ്പുകൾ
പ്രൊഫ. ജോസ്കുട്ടി സി എ
ആമിന റീ വി.പി

10 ബാലറ്റിൽനിന്ന് ഇവിഎമ്മിലേക്ക്
അഞ്ജലി വിമൽ

14 ജനാധിപത്യത്തിന്റെ പരമോന്നതവേദി ലോക്സഭയെ അടുത്തറിയാം
ടി. ഷാഹുൽ ഹമീദ്






24 ചൂടേറുന്ന കേരളം
ഡോ. മനോജ് പി. സാമുവൽ,
ഡോ. നവീന കെ
ഡോ. അരുൺ പി. ആർ.

30 നീരുറവുകൾ
വറ്റാതിരിക്കാൻ
സതീഷ്. ആർ. വി.

32 കൊടുംചൂടിലെ കൃഷി
വിഷ്ണു എസ് പി.

36 കരുതലോടെ
ഉപയോഗം









40 അവധിക്കാലം ഡിജിറ്റൽ
ലോകത്ത് തളച്ചിടേണ്ട
ഡോ. അരുൺ ബി. നായർ

43 നവകേരളത്തിന്റെ വഴികാട്ടി
ഡോ. ശിവദാസൻ. പി

48 ജീവിതത്തിൽനിന്ന്
ചീന്തിയ ഏടുകൾ
സി. റഹിം




പ്രൊഫ. ജോസ്കുട്ടി സി എ, ആമിന റീ വി.പി
പൊളിറ്റിക്കൽ സയൻസ് വിഭാഗം, കേരള സർവകലാശാല




സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പാണ് ജനാധിപത്യത്തിന്റെ ജീവവായു. ജനങ്ങൾ ശാക്തീകരിക്കപ്പെടുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്

# ജനാധിപത്യത്തെ ശുദ്ധീകരിക്കുന്ന തെരഞ്ഞെടുപ്പുകൾ



തെരഞ്ഞെടുപ്പിനെ ജനാധിപത്യത്തിന്റെ ഉത്സവമെന്നാണ് വിശേഷിപ്പിക്കുന്നത്. ജനാധിപത്യമെന്ന് പറഞ്ഞാൽ ജനങ്ങൾക്ക് ഏറ്റവും സാന്നിധ്യവും അധികാരവും പങ്കാളിത്തവുമുള്ള ഭരണരീതിയാണ്. ജനങ്ങളുടെ പരമാധികാരം കാലാകാലങ്ങളിൽ ഊട്ടിയുറപ്പിക്കുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. ഇത് വെറും പ്രതീകാത്മകമായ നടപടിയോ പ്രവർത്തിയോ അല്ല. മറിച്ച് ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾ ഏറ്റവും സജീവമായി ഉയർത്തുകയും പരിഹാരങ്ങൾ നിർദേശിക്കപ്പെടുന്നതുമായ വേദിയാണ്. രാഷ്ട്രീയപാർട്ടികളും മറ്റു സംഘടനകളും പൗരസമൂഹവുമൊക്കെ ജനങ്ങളുടെ പ്രശ്നങ്ങളോടുള്ള അവരുടെ സമീപനവും നയവുമൊക്കെ വ്യക്തമാക്കുന്നത് തെരഞ്ഞെടുപ്പ് വേളയിലാണ്. ഭരിക്കുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളും പ്രതിപക്ഷത്തിന്റെ നിലപാടുകളും തെരഞ്ഞെടുപ്പുകളിൽ ചർച്ച ചെയ്യുന്നു. ജനങ്ങൾ അവരുടെ തൃപ്തിയും അതൃപ്തിയും വോട്ടിലൂടെ രേഖപ്പെടുത്തുന്നു.

ജനങ്ങൾക്ക് ജനാധിപത്യത്തിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പാണ് ജനാധിപത്യത്തിന്റെ ജീവവായു. ജനങ്ങൾ ശാക്തീകരിക്കപ്പെടുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളായ സമത്വം, സ്വാതന്ത്ര്യം, നീതി, അവകാശങ്ങൾ ഇവയെല്ലാം തെരഞ്ഞെടുപ്പിൽ അധിഷ്ഠിതമാണ്. അതുകൊണ്ടാണ് പ്രശസ്ത രാഷ്ട്രമീമാംസകനായ ജെറമി ബെൻതാം 'എല്ലാവർക്കും ഒരേ മൂല്യമാണ്" എന്ന് പറഞ്ഞത്. വോട്ട് ചെയ്യുന്ന വേളയിൽ വലിപ്പചെറുപ്പങ്ങൾക്ക് പ്രസക്തിയില്ല. അതായത് തെരഞ്ഞെടുപ്പാണ് ജനാധിപത്യത്തിന്റെ അന്ത;സത്ത കാത്തുസൂക്ഷിക്കുന്നതും പ്രയോഗിക്കുന്നതും.



ഒരു ഭരണകൂടത്തിന്റെ ഏറ്റവും അനിവാര്യമായ ഘടകമാണ് നിയമപരവും സാമൂഹികവുമായ അംഗീകാരവും സാധുതയും. ജനങ്ങളാൽ തെരഞ്ഞടുക്കപ്പെട്ടത് എന്നതാണ് ഒരു സർക്കാരിന്റെ നിയമപരമായ നിലനിൽപ്പിന്റെ അടിസ്ഥാനം

ഒരു ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുപ്പിന് പരമപ്രധാനമായ ചില കർത്തവ്യങ്ങൾ ഉണ്ട്. ജനപ്രാതിനിധ്യം ഉറപ്പാക്കുക, ഭരണനേതൃത്വത്തെ തെരഞ്ഞെടുക്കുക, ഭരണത്തിന് നിയമപരവും സാമൂഹികവുമായ സാധ്യത ഉറപ്പാക്കുക, അധികാരത്തിനും ഭരണത്തിനും മേൽ കടിഞ്ഞാണായി പ്രവർത്തിക്കുക, രാഷ്ട്രീയ ഉത്തരവാദിത്വം ഉറപ്പാക്കുക, ആരോഗ്യകരമായ നയരൂപവൽക്കരണം സാധ്യമാക്കുക, ജനങ്ങളുടെ ശബ്ദമായി പ്രവർത്തിക്കുക അഭിപ്രായ രൂപവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ കർത്തവ്യങ്ങൾ. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിലൂടെ സ്വയംഭരിക്കുന്ന സംവിധാനമാണ് ജനാധിപത്യം. പാർലമെന്റും സംസ്ഥാന നിയമസഭകളുമാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട ജനപ്രതിനിധിസഭകൾ. ഈ സഭകളിലെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് പൊതുതെരഞ്ഞെടുപ്പിലൂടെയാണ്. ഈ ജനപ്രതിനിധികളിൽ നിന്നാണ് ഇന്ത്യയിലെ ഭരണനേതൃത്വം നിയമിക്കപ്പെടുന്നത്.

## ഉത്തരവാദിത്വഭരണം ഉറപ്പാക്കുന്നു

ഒരു ഭരണകൂടത്തിന്റെ ഏറ്റവും അനിവാര്യമായ ഘടകമാണ് നിയമപരവും സാമൂഹികവുമായ അംഗീകാരവും സാധുതയും. ജനങ്ങളാൽ തെരഞ്ഞടുക്കപ്പെട്ടത് എന്നതാണ് ഒരു സർക്കാരിന്റെ നിയമപരമായ നിലനിൽപ്പിന്റെ അടിസ്ഥാനം. തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ നൽകിയിരിക്കുന്ന അംഗീകാരമാണ്. ഈ അംഗീകാരമാണ് ഒരു രാഷ്ട്രീയപാർട്ടിയെ അധികാരത്തിലെത്തിക്കുന്നതും പുറത്താക്കുന്നതും. ഇവിടെ പ്രസക്തമായിട്ടുള്ളത് പ്രതിപക്ഷവും ജനങ്ങളുടെ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത് എന്നുള്ളതാണ്.



ഭരണ, പ്രതിപക്ഷ നേതൃത്വത്തിന് സാധുത നൽകുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്.

ജനാധിപത്യത്തിൽ ജനങ്ങളാണ് പരമാധികാരികൾ. ജനങ്ങൾ സർക്കാരിനെ നിയന്ത്രിക്കുന്ന കടിഞ്ഞാണാണ്. ഇത് സാധ്യമാകുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. ജനാധിപത്യത്തിൽ സർക്കാരിനെ നിയന്ത്രിക്കുവാനുള്ള ആഭ്യന്തര സംവിധാനങ്ങൾ ഉണ്ടെങ്കിലും അന്തിമമായ കടിഞ്ഞാൺ തെരഞ്ഞെടുപ്പാണ്. ജനങ്ങൾ തെരഞ്ഞെടുപ്പിലൂടെ 'നോ' പറഞ്ഞാൽ ഭരിക്കുന്നവർ പുറത്താകും മറ്റൊരു പാർട്ടി അധികാരത്തിൽ വരും. ആരു ഭരിക്കണമെന്നും ആരു പുറത്തു പോകണമെന്നും ജനങ്ങൾ തീരുമാനിക്കുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. ജനാധിപത്യം ഉത്തരവാദിത്വ ഭരണമാണ്. സർക്കാർ ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും അവർ ജനങ്ങളോട് ഉത്തരം പറയണം. ജനങ്ങൾ സർക്കാരിനോട് ചോദ്യങ്ങൾ ചോദിക്കുന്ന വേളയാണ് തെരഞ്ഞെടുപ്പ്. ഉത്തരവാദിത്വത്തോടെ ഭരിച്ചില്ലെങ്കിൽ ഭരണത്തിൽ നിന്നും പുറത്താവും. സർക്കാരും പ്രതിപക്ഷവും ചെയ്ത കാര്യങ്ങളെക്കുറിച്ചും ചെയ്യുവാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതും വാഗ്ദാനങ്ങൾ ചെയ്യുന്നതും ഉത്തരവാദിത്വം ഉള്ളതുകൊണ്ടാണ്. തെരഞ്ഞെടുപ്പുകൾ ഉത്തരവാദിത്വ ഭരണം ഉറപ്പാക്കുന്നു.

## നയരൂപവൽക്കരണത്തിനുള്ള വേദി

തെരഞ്ഞെടുപ്പ് വേളകൾ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക വികസന നയരൂപവൽക്കരണ വേദി കൂടിയാണ്. വിവിധ രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ കാഴ്ചപ്പാടുകളും വികസനനയങ്ങളും ജനങ്ങളുടെ അംഗീകാരത്തിനായി തെരഞ്ഞെടുപ്പിൽ സമർപ്പിക്കുന്നു പ്രകടനപത്രികകൾ തെരഞ്ഞെടുപ്പിൽ ജനങ്ങൾ പരിശോധിച്ച് വോട്ട് ചെയ്യുന്നു. വലിയ സംവാദവേദിയാണ് തെരഞ്ഞെടുപ്പ്. ജനങ്ങൾ അവർക്കാവശ്യമുള്ള കാര്യങ്ങൾ ചർച്ചകളിലൂടെ അവതരിപ്പിക്കുകയും ഭരണപക്ഷവും പ്രതിപക്ഷവും അത് സസൂക്ഷ്മം പരിശോധിച്ച് നിലപാടുകൾ എടുക്കുകയുമാണ്.




പൊതുജനാഭിപ്രായം ദൈവത്തിന്റെ അഭിപ്രായം എന്നാണ് പുരാതന റോമാക്കാർവരെ പറഞ്ഞിരുന്നത് രാഷ്ട്രവും സമൂഹവും നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ അഭിപ്രായ രൂപവൽക്കരണം നടക്കുന്ന മഹത്തായ അവസരമാണ് തെരഞ്ഞെടുപ്പ്. തെരഞ്ഞെടുപ്പിലൂടെ രൂപപ്പെടുന്ന പൊതുജനാഭിപ്രായമാണ് ഭൂരിപക്ഷ വോട്ടായി സർക്കാരുകളെ ഭരിക്കാൻ അനുവദിക്കുന്നത്.

ഒരു ജനാധിപത്യത്തിന്റെ കാതലായ ആശയങ്ങളും പ്രായോഗിക പ്രവർത്തനവും ഏറ്റവും അധികം പരീക്ഷിക്കപ്പെടുന്ന വേളയാണ് തെരഞ്ഞെടുപ്പ്. ജനാധിപത്യത്തിൽ എല്ലാം കളങ്കരഹിതമല്ല. കളങ്കങ്ങളെ കഴുകിക്കളഞ്ഞു ജനാധിപത്യത്തെ ശുദ്ധീകരിക്കുന്ന പ്രക്രിയയാണ് തെരഞ്ഞെടുപ്പ്. അതുകൊണ്ടാണ് സ്വതന്ത്ര്യവും സുതാര്യവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ആണിക്കല്ലെന്ന് വിശേഷിപ്പിക്കുന്നത്.■



# ബാലറ്റിൽനിന്ന് ഇവിഎമ്മിലേക്ക്




**ഓരോ സ്ഥാനാർഥിക്കും ഒരു ബാലറ്റ് പെട്ടിയിൽനിന്ന് ഇലക്ട്രോണിക് വോട്ടിങ്ങ് മെഷിനിലേക്ക് പരിവർത്തിച്ച ഇന്ത്യൻ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ചരിത്രം.**

സ്വാതന്ത്ര്യലബ്ധിക്കുശേഷം 1952 ലെ ആദ്യ ലോക്സഭ തെരഞ്ഞെടുപ്പ് ഇന്ത്യയ്ക്ക് ശക്തമായ ജനാധിപത്യ അടിത്തറ പാകുന്നതിലെ നാഴികക്കല്ലായിരുന്നു. 21 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാർക്കും വോട്ടവകാശം നൽകുന്ന ആദ്യത്തെ സ്വതന്ത്രരാജ്യമായി ഇന്ത്യ മാറി. ഭരണഘടനയുടെ അനുച്ഛേദം 326 പ്രായമായവർക്കുള്ള സാർവത്രികവോട്ടവകാശം നൽകുന്നു 1951-52 ലും 1957 ലും നടന്ന ഒന്നും രണ്ടും പൊതു തെരഞ്ഞെടുപ്പുകൾക്ക്, തെരഞ്ഞെടുപ്പ് കമ്മീഷൻ ബാലറ്റ് സമ്പ്രദായമാണ് നടപ്പിലാക്കിയത്. ഓരോ സ്ഥാനാർഥിക്കും പോളിങ്ങ് സ്റ്റേഷനിലെ മറതീർത്ത ഇടത്തിൽ പ്രത്യേക ബാലറ്റ് പെട്ടി അനുവദിച്ചു. അച്ചടിച്ച ബാലറ്റ് പേപ്പറുകൾ വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന സ്ഥാനാർഥിയുടെ ബാലറ്റ് ബോക്സിൽ വോട്ടർ നിക്ഷേപിക്കുന്നതായിരുന്നു രീതി.

1962-ലെ മൂന്നാം പൊതുതെരഞ്ഞെടുപ്പ് മുതൽ തെരഞ്ഞെടുപ്പ് കമ്മീഷൻ 'മാർക്കിങ്ങ്' സമ്പ്രദായത്തിലേക്ക് മാറി. ഈ സമ്പ്രദായത്തിന് കീഴിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർഥികളുടെയും പേരുകളും തെരഞ്ഞെടുപ്പ് ചിഹ്നങ്ങളും അടങ്ങുന്ന ഒരു പൊതു ബാലറ്റ് പേപ്പറിൽ, വോട്ടർ തെരഞ്ഞെടുക്കുന്ന സ്ഥാനാർഥിയുടെ ചിഹ്നത്തിനടുത്ത് അടയാളം രേഖപ്പെടുത്തി ബാലറ്റ് ബോക്സിൽ നിക്ഷേപിക്കുന്നതായിരുന്നു രീതി.



ആദ്യ ഇലക്ഷൻ കമ്മീഷണർ സുകുമാർ സെൻ ബാലറ്റ് പെട്ടി പരിശോധിക്കുന്നു.

## മാതൃകാപെരുമാറ്റച്ചട്ടം വരുന്നു

1957 - 1967 കാലഘട്ടം പരിശോധിച്ചാൽ ലോക്സഭയിലേക്കുള്ള മത്സരാർഥികളുടെ എണ്ണത്തിൽ കാര്യമായ വർധനവുണ്ടായതായി വ്യക്തമാകും. 1970-കളിൽ തെരഞ്ഞെടുപ്പിലെ അപാകതകൾ തടയുന്നതിനുള്ള മാതൃകാ പെരുമാറ്റച്ചട്ടം (മോഡൽ കോഡ് ഓഫ് കണ്ടക്ട്, എം സി സി) രൂപവൽക്കരിച്ചു. രാജ്യത്ത് സമാധാനപരവും ചിട്ടയുള്ളതുമായ അന്തരീക്ഷത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തുക എന്നതാണ് എം സി സി യുടെ ലക്ഷ്യം.

1974 ജനുവരി ഒന്നിന് തെരഞ്ഞെടുപ്പ് കമ്മീഷൻ പരിഷ്കരിച്ച മാതൃകാ പെരുമാറ്റച്ചട്ടം പുറത്തിറക്കി. കോഡ് ലംഘന കേസുകൾ നിരീക്ഷിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ അംഗീകൃതവും രജിസ്റ്റർ ചെയ്യുതുമായ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ജില്ലാതല സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ രൂപവൽക്കരിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ചീഫ് ഇലക്ടറൽ ഓഫീസർമാരോട് നിർദേശിച്ചു.

**2017 ജൂൺ മുതൽ, ലോക്സഭ, അസംബ്ലി മണ്ഡലങ്ങളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ഇവിഎമ്മുകൾക്കൊപ്പം വിവിപാറ്റ് ഉറപ്പുവരുത്തി**






## പറവൂരിലെ ചരിത്രം

1980-കൾ ഇന്ത്യൻ തെരഞ്ഞെടുപ്പ് പ്രക്രിയ സാങ്കേതികവിദ്യയുടെ പുരോഗതി കൈവരിച്ചു. 1982-ൽ കേരളത്തിൽ പറവൂർ നിയമസഭാമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിനായി പരീക്ഷണാടിസ്ഥാനത്തിൽ 70 ഇലക്‌ട്രോണിക് വോട്ടിങ്ങ് മെഷീനുകൾ ആദ്യമായി പരീക്ഷിച്ചു. 1988-ൽ, ഭരണഘടനാഭേദഗതിയിലൂടെ വോട്ടിങ്ങ് പ്രായം 21-ൽ നിന്ന് 18 ആക്കി കുറച്ചതും ചരിത്രമായി.

1990 കാലത്ത് മാതൃകാ പെരുമാറ്റച്ചട്ടം ശക്തമായി നടപ്പിലാക്കി. 1991-ന് ശേഷം കൂടുതൽ സുതാര്യവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിലേക്ക് അത് വഴിതെളിച്ചു. വോട്ടറെ തിരിച്ചറിയാനും ആൾമാറാട്ടം തടയാനും 1993-ൽ ഇലക്ടേഴ്സ് ഫോട്ടോ ഐഡന്റിറ്റി കാർഡ് (ഇ പി ഐ സി) നൽകാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു.

2000 മുതൽ ഇലക്‌ട്രോണിക് വോട്ടിങ്ങ് മെഷിനുകൾ (ഇവിഎം) തെരഞ്ഞെടുപ്പിലെ സ്ഥിരം ഘടകമായി മാറി. 2004ലെ പൊതുതെരഞ്ഞെടുപ്പിലാണ് രാജ്യം മുഴവൻ ഇ വി എം ഉപയോഗിച്ച് ജനപ്രതിനിധികളെ തെരഞ്ഞെടുത്തത്. ഇത് വോട്ടെണ്ണൽ പ്രക്രിയ വേഗത്തിലാക്കാനും തെരഞ്ഞെടുപ്പിലെ അപാകതകൾ കുറയ്ക്കുന്നതിനും സഹായകമായി. 2009-ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി, ഫോട്ടോ ഇലക്ടറൽ റോൾ രാജ്യവ്യാപകമായി തയ്യാറാക്കിയിരുന്നു.

**1980കൾ ഇന്ത്യൻ തെരഞ്ഞെടുപ്പ് പ്രക്രിയ സാങ്കേതികവിദ്യയുടെ പുരോഗതി കൈവരിച്ചു. 1982-ൽ കേരളത്തിൽ പറവൂർ നിയമസഭാമണ്ഡലത്തിൽ നടന്ന ഉപ തെരഞ്ഞെടുപ്പിനായി പരീക്ഷണാടിസ്ഥാനത്തിൽ 70 ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീനുകൾ ആദ്യമായി പരീക്ഷിച്ചു.**

## വിവി പാറ്റ്, നോട്ട

2013 ഓഗസ്റ്റ് 14-ന് തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തി ഇവിഎമ്മുകൾക്കൊപ്പം വിവി പാറ്റ് ഉപയോഗിക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മിഷനു നിർദേശം നൽകി ഇന്ത്യാ ഗവൺമെന്റ് വിജ്ഞാപനം ചെയ്തു. നാഗാലാൻഡിലെ 51-നോക്സെൻ (എസ് ടി) നിയമസഭാമണ്ഡലത്തിൽ നിന്നുള്ള ഉപതെരഞ്ഞെടുപ്പിലാണ് കമ്മീഷൻ ആദ്യമായി ഇവിഎമ്മുകൾക്കൊപ്പം വിവിപാറ്റ് ഉപയോഗിച്ചത്. അതിനുശേഷം, നിയമസഭകളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും തെരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിലും 2014-ലെ ലോക്സഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിൽ എട്ട് പാർലമെന്റ് മണ്ഡലങ്ങളിലും വിവി പാറ്റുകൾ ഉപയോഗിച്ചു.

2017 ജൂൺ മുതൽ, ലോക്സഭ, അസംബ്ലി മണ്ഡലങ്ങളിലേക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും ഇവിഎമ്മുകൾക്കൊപ്പം വിവിപാറ്റ് ഉറപ്പുവരുത്തി. 2014-ലെ തെരഞ്ഞെടുപ്പ് മുതൽ ആദ്യമായി വോട്ടിംഗ് മെഷീനിൽ "നൺ ഓഫ് ദ എബൗ' (NOTA) ഓപ്ഷൻ കൂടി ഉൾപ്പെടുത്താൻ തുടങ്ങി.■




# ജനാധിപത്യത്തിന്റെ പരമോന്നതവേദി

## ലോക്സഭയെ അടുത്തറിയാം



ലോക്സഭ, രാജ്യസഭ, രാഷ്ടപതി എന്നിവ അടങ്ങുന്ന പരമോന്നത നിയമനിർമ്മാണ സ്ഥാപനമാണ് ഇന്ത്യൻ പാർലമെന്റ്. ലോക്സഭയിൽ ജനങ്ങൾ നേരിട്ട് അവരുടെ പ്രതിനിധികളായ എം പി മാരെ തെരഞ്ഞെടുക്കുമ്പോൾ എംഎൽഎമാരുടെ പ്രാതിനിധ്യത്തിനനുസരിച്ചുള്ള അംഗങ്ങളെയാണ് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുക.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 79 ലാണ് ലോക്സഭയെക്കുറിച്ച് പറയുന്നത്. 1946 ഡിസംബർ 9-ന് ആരംഭിച്ച് രണ്ടുവർഷം 11 മാസം 18 ദിവസം കൊണ്ട് ഭരണഘടന തയ്യാറാക്കിയ ഇന്ത്യൻ ഭരണഘടനാസഭയുടെ തുടർച്ചയാണ് ഇന്ത്യൻ പാർലമെന്റ് പ്രവർത്തിക്കുന്നത്. 1949ൽ ഭരണഘടന അസംബ്ലി പിരിച്ചുവിട്ടു. 1950 ജനുവരി 26ന് ഭരണഘടന നിലവിൽ വന്നതോടെ നമ്മുടെ പാർലമെന്റ് സ്ഥാപിതമായി. 1951 /52 വർഷത്തിലാണ് ലോക്സഭയിലേക്ക് ആദ്യമായി പൊതുതെരഞ്ഞെടുപ്പ് നടന്നത്. 1952 ഏപ്രിൽ 17ന് 489 അംഗങ്ങളുമായി ഒന്നാം ലോക്സഭ നിലവിൽ വന്നു. 1957ൽ 503 മെമ്പർമാരുമായി രണ്ടാം ലോക്സഭയും. തുടർന്ന് സംഭവബഹുലമായ 17 ലോക്സഭകൾ കഴിഞ്ഞതിനുശേഷമാണ് ഇപ്പോൾ പതിനെട്ടാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നത്



ഡോ. ബി.ആർ. അംബേദ്കർ ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി അംഗങ്ങൾക്കൊപ്പം - 1947 ആഗസ്റ്റ് 29

## അംഗബലം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 81 പ്രകാരമാണ് ലോക്സഭ അംഗസംഖ്യ നിശ്ചയിക്കുന്നത്. നിലവിൽ പരമാവധി എണ്ണം 550 ആയാണ് നിശ്ചയിച്ചത്. സംസ്ഥാനങ്ങളിലെ പ്രാദേശിക മണ്ഡലങ്ങളിൽ നിന്നും 530 അംഗങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളെ പ്രതിനിധീകരിച്ച് 20 അംഗങ്ങളുമാണ് ലോക്സഭയിൽ പരമാവധി ഉണ്ടാവുക. 2020 ജനുവരി മുതൽ ഭരണഘടനയുടെ 126-ാം ഭേദഗതിക്ക് ശേഷം രണ്ട് ആംഗ്ലോ ഇന്ത്യൻ പ്രതിനിധികളെ രാഷ്ട്രപതി നിശ്ചയിക്കുന്നത് ഒഴിവായതോടെയാണ് പരമാവധി എണ്ണം 550 ആയി നിശ്ചയിക്കപ്പെട്ടത്. 1996 മെയ് മുതൽ ലോക്സഭയിലെ അംഗങ്ങളുടെ എണ്ണം 543 ആണ്. ഒന്നാമത്തെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ 17.3 കോടി വോട്ടർമാരായിരുന്നു ഉണ്ടായിരുന്നതെങ്കിൽ, നിലവിൽ പതിനെട്ടാം ലോക്സഭാ തെരഞ്ഞെടുപ്പിൽ 96.7 കോടി വോട്ടർമാരാണുള്ളത്. ഭരണഘടനയുടെ അനുച്ഛേദം 81( 2) വകുപ്പ് പ്രകാരം ജനസംഖ്യാനുപാതികമായാണ് ലോക്സഭയിലെ അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുന്നത്, ഇതിനായി മുൻ സെൻസസിൽ കണ്ടെത്തിയ ജനസംഖ്യ കണക്കുകൾ പരിശോധിച്ച്, ഉയർന്ന അധികാരസ്ഥാപനമായ ഡിലിമിറ്റേഷൻ കമ്മീഷനാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കുക.

## തെരഞ്ഞെടുപ്പ് രീതി


പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലാണ് ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുക. 1988 വരെ വോട്ടിങ്ങ് പ്രായം 21 വയസ്സ് ആയിരുന്നു. 61-ാം ഭരണഘടന ഭേദഗതിയോടെ വോട്ടിങ്ങ് പ്രായം 21ൽ നിന്ന് 18 ആയി കുറച്ചു.

**എംപി ആകുവാനുള്ള യോഗ്യതകൾ**

1) ഇന്ത്യൻ പൗരൻ ആയിരിക്കണം
2) 25 വയസ്സ് പൂർത്തീകരിക്കണം
3) വോട്ടർ പട്ടികയിൽ പേരുണ്ടാകണം
4) സംവരണ മണ്ഡലങ്ങളിൽനിന്നാണ് മത്സരിക്കുന്നതെങ്കിൽ അത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം
5) ഇലക്ഷൻ കമ്മീഷൻ നിർദേശിക്കുന്ന രീതിയിൽ സത്യപ്രസ്താവന ചെയ്യണം 6) കെട്ടിവെക്കാനുള്ള നിയമാനുസൃതമുള്ള പണം അടക്കണം

## എംപിമാരുടെ ഉത്തരവാദിത്വങ്ങൾ

1) നിയമനിർമ്മാണം നടത്തൽ
2)ഭരണഘടന ഭേദഗതി ആവശ്യമായ സന്ദർഭങ്ങളിൽ ചെയ്യൽ
3) കേന്ദ്ര,സംസ്ഥാന പരിധിയിൽ പെടാത്ത കാര്യത്തിൽ നിയമനിർമ്മാണം Residuary അധികാരം ഉപയോഗിക്കൽ
4)നിയന്ത്രണാധികാരം ഉപയോഗിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ നടത്തൽ.
5) നിയമപ്രകാരം ഏൽപ്പിച്ച ജോലി എക്സിക്യൂട്ടീവ് ചെയ്യുന്നുണ്ടോ എന്നുള്ള പരിശോധന.
6)സർക്കാരിന്റെ നിർദിഷ്ട വരവുകളും ചെലവുകളും അംഗീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള അധികാരം.
7) ജനങ്ങളുടെ അഭിപ്രായങ്ങളും അഭിലാഷങ്ങളും സഭയിൽ അവതരിപ്പിക്കുക, ജനങ്ങളെ നിയമാനുസൃതം പ്രതിനിധീകരിക്കുക.



ഭരണഘടനാ നിർമ്മാണസഭാ യോഗം – 1950

## എംപി മാർക്കുള്ള പ്രത്യേക പരിഗണന

ലോക്സഭ എംപിമാരുടെ ചില അധികാരങ്ങൾ നിയമപ്രകാരം ഉള്ളതും ചിലത് കീഴ്വഴക്ക പ്രകാരമുള്ളതുമാകുന്നു. ഭരണഘടനയുടെ അനുച്ഛേദം 105 ലാണ് എംപിമാരുടെ അധികാരങ്ങൾ, പദവി എന്നിവ സംബന്ധിച്ച് വ്യക്തമാക്കുന്നത്. വ്യക്തിപരമായി അനുഭവിക്കുന്ന ചില അവകാശങ്ങളെയും പ്രതിരോധങ്ങളെയും സൂചിപ്പിക്കുന്നതാണ് പാർലമെന്റ് പ്രിവിലേജ്. പാർലമെന്റിന്റെ സ്വാതന്ത്ര്യവും, അധികാരവും, അന്തസ്സും സംരക്ഷിക്കുവാൻ അംഗങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്.

1) പാർലമെന്റിൽ വച്ച് സംസാരിച്ചതിന് എവിടെയും ഉത്തരം പറയേണ്ടതില്ല. എല്ലാ പ്രസംഗങ്ങളും മറ്റൊരു അധികാര സ്ഥാപനത്തിലും ചോദ്യം ചെയ്യാൻ സാധിക്കുകയില്ല.

2) പാർലമെന്റിൽ വോട്ട് ചെയ്തതിന്റെ പേരിൽ ഏതെങ്കിലും കോടതിയിൽ കേസ് നൽകിയാൽ അത്




നിലനിൽക്കില്ല.
3) പാർലമെന്റിലെ സംസാരം സംബന്ധിച്ച് തെറ്റായ രീതിയിൽ വാർത്തകൾ നൽകിയാൽ, വാർത്ത നൽകിയവർ ശിക്ഷിക്കപ്പെടും
4) പാർലമെന്റിൽ സംസാരിച്ചതിന്റെ പേരിൽ ക്രമക്കേടുകൾ ആരോപിക്കുവാൻ സാധിക്കുകയില്ല. 5) സഭ ചേരുന്നതിന്റെ 40 ദിവസം മുമ്പും സഭ ചേർന്നതിന്റെ 40 ദിവസം കഴിയുന്നതിന്റെ ഇടയിലും എംപിമാരെ അറസ്റ്റ് ചെയ്യാൻ പാടില്ല.
6) പാർലമെന്റ് അംഗങ്ങളെ ക്രിമിനൽ നിയമ പ്രകാരം അറസ്റ്റ് ചെയ്താൽ ഉടൻതന്നെ സ്പീക്കറെ വിവരം അറിയിക്കണം.
7) സഭ സമ്മേളിക്കുമ്പോൾ ഉള്ള നിയമപരമായ നടപടിക്രമങ്ങൾ സ്പീക്കറെ അറിയിച്ചതിനുശേഷം മാത്രമേ നടത്താൻ പാടുള്ളൂ
8) പാർലമെന്റിലെ പ്രസംഗത്തിന്റെ പേരിൽ സാക്ഷി പറയുന്നതിന് നിർബന്ധിക്കാൻ പാടില്ല.
9) പാർലമെന്റിൽ സംസാരിച്ചതിന്റെയോ വോട്ട് ചെയ്തതിന്റെ പേരിൽ നിയമസഭകളിൽ ഹാജരായി വിശദീകരണം നൽകേണ്ടതില്ല.
10) പാർലമെന്ററി കമ്മിറ്റികളുടെ മുമ്പാകെ നൽകിയ മൊഴിയിലും എംപിമാർക്ക് സംരക്ഷണം ഉണ്ട്.

## സഭാസമ്മേളനങ്ങൾ

രാവിലെ 11 മുതൽ ഒന്ന് വരെയും ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് ആറ് വരെയും ആണ് സാധാരണ സമ്മേളിക്കുക.. ആദ്യയോഗത്തിനായി നിശ്ചയിച്ച തീയതി മുതൽ അഞ്ചു വർഷമാണ് ലോക്സഭയുടെ കാലാവധി. ക്വാറം പത്തിൽ ഒന്ന്. ലോക്സഭയ്ക്ക് ഒരു വർഷത്തിൽ മൂന്ന് സമ്മേളനങ്ങൾ ആണ് ഉണ്ടാകുക.
1) ബഡ്ജറ്റ് സമ്മേളനം- ഫെബ്രുവരി- മെയ്
2)മൺസൂൺ കാല സമ്മേളനം -ജൂലൈ- സെപ്റ്റംബർ
3)ശീതകാല സമ്മേളനം നവംബർ- ഡിസംബർ.
കൂടാതെ പ്രത്യേക സെഷനുകളും വിളിച്ചു ചേർക്കാവുന്നതാണ്.

## എംപിമാരുടെ അയോഗ്യതകൾ

ഇന്ത്യൻ ഭരണഘടനയുടെ 102-ാം വകുപ്പിലാണ് അംഗങ്ങളുടെ അയോഗ്യതയെ സംബന്ധിച്ച് പറയുന്നത്.
1) ഇന്ത്യൻ പൗരത്വം നഷ്ടപ്പെട്ടാൽ.
2) ജനങ്ങൾക്കിടയിൽ വെറുപ്പ്, സ്പർധ ഉണ്ടാക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ട് എന്ന് ഏതെങ്കിലും കോടതി വിധിച്ചാൽ.




3 ) വരുമാനം ലഭിക്കുന്ന ഏതെങ്കിലും ജോലി കേന്ദ്ര,സംസ്ഥാന സർക്കാരു കളിൽ നിന്നും സ്വീകരിച്ചാൽ.
4) സ്ഥിരബുദ്ധിയില്ല എന്ന് കോടതി പ്രഖ്യാപിച്ചാൽ.
5 ) പാപ്പരാണ് എന്ന് കോടതി പ്രഖ്യാപിച്ചാൽ.
6)രണ്ടുവർഷമോ അതിൽ കൂടുതലോ ശിക്ഷ ലഭിച്ചാൽ.
7) തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രീയ പാർട്ടി നൽകിയ വിപ്പിന് വിപരീതമായി വോട്ട് ചെയ്താൽ.
8) അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ടാൽ.

## പാർലമെന്റ് പ്രവർത്തനങ്ങൾ

റൂൾ ഓഫ് പ്രൊസീജിയേഴ്സ് ആൻഡ് കോണ്ടക്ട് ഓഫ് ബിസിനസ് ഇൻ ലോക്സഭ എന്ന നിയമപ്രകാരമാണ് ലോക്സഭാപ്രവർത്തനങ്ങൾ നടക്കുന്നത്.

## ചോദ്യോത്തര വേള

പാർലമെന്റ് പ്രവർത്തനം ആരംഭിക്കുന്നത് ചോദ്യോത്തരവേളയോടെയാണ്

# അടിസ്ഥാനവിവരങ്ങൾ

## കേരളത്തിലെ ലോക്സഭ മണ്ഡലങ്ങൾ




1 കാസർഗോഡ്
2 കണ്ണൂർ
3 വടകര
4 വയനാട്
5 കോഴിക്കോട്
6 മലപ്പുറം
7 പൊന്നാനി
8 പാലക്കാട്
9 ആലത്തൂർ (എസ് സി)
10 തൃശ്ശൂർ
11 ചാലക്കുടി
12 എറണാകുളം
13 ഇടുക്കി
14 കോട്ടയം
15 ആലപ്പുഴ
16 മാവേലിക്കര (എസ് സി)
17 പത്തനംതിട്ട
18 കൊല്ലം
19 ആറ്റിങ്ങൽ
20 തിരുവനന്തപുരം

ആദ്യത്തെ ഒരുമണിക്കൂർ ചോദ്യോത്തര വേളയ്ക്ക് വേണ്ടിയാണ് ലോക്സഭ മാറ്റിവയ്ക്കുന്നത്. ചോദ്യങ്ങൾ ചോദിക്കുക എന്നത് അംഗങ്ങളുടെ അവകാശമാണ്. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരോടാണ് ചോദ്യങ്ങൾ ചോദിക്കുക മൂന്നുതരത്തിലാണ് ചോദ്യങ്ങൾ ചോദിക്കാൻ സാധിക്കുക

1) **നക്ഷത്രമുള്ള ചോദ്യങ്ങൾ** വാക്കാൽ മറുപടി ലഭിക്കുന്നതും ഉപചോദ്യം ചോദിക്കാൻ അവസരം ഉണ്ടാകുന്നതുമാണ്

2) **നക്ഷത്രം ഇടാത്ത ചോദ്യങ്ങൾ** ഉത്തരം രേഖ പ്രകാരം ലഭിക്കും, ഉപ ചോദ്യം ചോദിക്കാൻ കഴിയില്ല

3) **ഷോർട്ട് നോട്ട് ചോദ്യങ്ങൾ** അടിയന്തരമായ വിഷയങ്ങളിൽ പെട്ടെന്ന് മറുപടി ലഭിക്കേണ്ട വിഷയങ്ങളിലുള്ള ചോദ്യങ്ങൾക്കുള്ളതാണ് ഷോർട്ട് നോട്ട് ചോദ്യങ്ങൾ.

10 ദിവസം മുമ്പ് ചോദ്യങ്ങൾ നൽകണം. സ്പീക്കർ അംഗീകരിച്ചാൽ പ്രിന്റ് ചെയ്ത് ഏതു മന്ത്രിയാണ് ഏതു ദിവസമാണ് ഉത്തരം പറയുന്നത് എന്ന് അംഗങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും

**ശൂന്യവേള:-** ഇന്ത്യൻ പാർലമെന്റിൽ 1962 മുതലാണ് സീറോ അവർ ആരംഭിച്ചത്. ചോദ്യോത്തരം കഴിഞ്ഞ് തൊട്ടുപിന്നാലെ ലിസ്റ്റ് ചെയ്ത ഏതെങ്കിലും ബിസിനസ് സഭയിൽ ഏറ്റെടുക്കുന്നതിന്

മുമ്പുള്ള സമയം സാധാരണ ഉച്ചയ്ക്ക് 12 മണി, പരമാവധി 30 മിനിറ്റ് മുൻകൂട്ടി സ്പീക്കർക്ക് നോട്ടീസ് നൽകി പ്രധാനപ്പെട്ട കാര്യങ്ങൾ സഭയുടെ മുമ്പാകെ അംഗങ്ങൾക്ക് ഉന്നയിക്കാൻ കഴിയുന്നതാണ്. രാവിലെ 8.30 മുതൽ 9 മണിക്ക് ഇടയിൽ സ്പീക്കർക്ക് നോട്ടീസ് നൽകണം പരമാവധി ഒരു ദിവസം ഇരുപതെണ്ണം മാത്രം.

## മറ്റ് പ്രവർത്തനങ്ങൾ

ശൂന്യവേളയിലെ അടിയന്തര പ്രമേയങ്ങൾ കഴിഞ്ഞതിനുശേഷം, പ്രിവിലേജ് വിഷയങ്ങൾ, വല്ല രേഖകളും ലോക്സഭയിൽ സമർപ്പിക്കുന്നുണ്ടെങ്കിൽ അത് നടക്കും രാജ്യസഭയിൽ നിന്നുള്ള വല്ല വിവരങ്ങളും പങ്കുവയ്ക്കാൻ ഉണ്ടെങ്കിൽ അത് ലോക്സഭയുടെ മുമ്പാകെ അവതരിപ്പിക്കും പ്രസിഡന്റിന്റെ സമ്മതം കിട്ടിയ ബില്ലുകൾ ഉണ്ടെങ്കിൽ അതിന്റെ അവതരണം, മെമ്പർമാർക്ക് ശ്രദ്ധ തിരിക്കൽ പ്രമേയം അവതരിപ്പിക്കാനുള്ള അവസരം, പാർലമെന്ററി കമ്മിറ്റികളുടെ റിപ്പോർട്ടുകളുടെ അവതരണം, വിവിധ പരാതികൾ സംബന്ധിച്ചിട്ടുള്ള റിപ്പോർട്ടുകൾ, വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് മന്ത്രിമാരുടെ റിപ്പോർട്ടുകൾ, മുമ്പ് സഭയുടെ മുമ്പാകെ അവതരിപ്പിച്ച ബില്ലുകൾ പിൻവലിക്കണമെങ്കിൽ അതിനുള്ള അവസരം, സ്പീക്കറുടെ അനുമതിയോടുകൂടിയുള്ള മറ്റ് നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ എന്നിവ നടക്കും.

ലോക്സഭയിൽ മന്ത്രിമാർക്കും അംഗങ്ങൾക്കും ബില്ല് കൊണ്ടുവരാൻ സാധിക്കും. മന്ത്രിമാർ കൊണ്ടുവരുന്ന ബില്ല് ആണെങ്കിൽ അത് സർക്കാർ ബില്ലുകളും അംഗങ്ങൾ കൊണ്ടുവരുന്ന ബില്ലുകൾ ആണെങ്കിൽ അതിനെ പ്രൈവറ്റ് ബില്ലുകളും എന്നാണ് അറിയപ്പെടുക. ഒരു ബില്ല് മൂന്ന് ഘട്ടങ്ങളിലൂടെയാണ് പാസാക്കുക മൂന്ന് വായനകൾ എന്നാണ് ഇത് അറിയപ്പെടുന്നത്. ലോക്സഭ പാസാക്കിയതിനുശേഷം രാജ്യസഭയും പാസാക്കികഴിഞ്ഞ് പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ ബില്ലുകൾ നിയമമാവുകയുള്ളൂ. എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ രണ്ടര മണിക്കൂർ അംഗങ്ങൾക്ക് സ്വകാര്യ ബില്ല് അവതരിപ്പിക്കാനുള്ള അവസരം ഉണ്ടാവും. ചോദ്യങ്ങൾ ചോദിച്ചതിനു ശേഷം അരമണിക്കൂർ ചർച്ച. തിങ്കൾ മുതൽ വെള്ളി ദിവസങ്ങളിൽ സ്പീക്കറുടെ അനുമതിയോട് ചോദ്യങ്ങളിൽ ചർച്ച അനുവദിക്കും.




## പോയിന്റ് ഓഫ് ഓർഡർ (ക്രമപ്രശ്നം)

ലോക്സഭാ നടപടിയിൽ ചട്ടങ്ങളുടെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ അംഗത്തിന് ബിസിനസ് ആരംഭിക്കുന്നതിന് മുമ്പ് ഉന്നയിക്കാൻ കഴിയുന്നതിനാണ് പോയിന്റ് ഓഫ് ഓർഡർ എന്ന പറയുന്നത്. തുടർ ചർച്ച ഉണ്ടാകില്ല. സ്പീക്കറുടെ റൂളിങ്ങ് ഈ കാര്യത്തിൽ അന്തിമമായിരിക്കും.

## മറ്റു പ്രധാനപ്പെട്ട റൂളുകൾ

റൂൾ 193 :- വോട്ടിങ്ങ് ഇല്ലാത്ത ചർച്ച. മന്ത്രിമാരുടെ പ്രസ്താവന ചർച്ചയ്ക്ക് ശേഷം ഉണ്ടാകും.
റൂൾ 183- സഭയിൽ വോട്ടിങ്ങ് ഉള്ള ചർച്ച നടത്തണമെങ്കിൽ ഈ റൂൾ പ്രകാരമുള്ള നടപടിക്രമം പാലിക്കണം
റൂൾ 374A :സഭയിൽ അപമര്യാദയായി പെരുമാറിയാൽ ഓട്ടോമാറ്റിക് സസ്പെൻഷൻ ആവുന്ന റൂൾ.
റൂൾ 222:- ബ്രീച്ച് ഓഫ് പ്രിവിലേജ് ഉന്നയിക്കുവാനുള്ള അംഗങ്ങളുടെ അവസരം.

## ലോക്സഭ മണ്ഡലം തിരിച്ചുള്ള വോട്ടർമാരുടെ വിവരം

| | |
|---|---|
| തിരുവനന്തപുരം | 14,30,531 |
| ആറ്റിങ്ങൽ | 13,96,807 |
| കൊല്ലം | 13,26,648 |
| പത്തനംതിട്ട | 14,29,700 |
| മാവേലിക്കര | 13,31,880 |
| ആലപ്പുഴ | 14,00,083 |
| കോട്ടയം | 12,54,823 |
| ഇടുക്കി | 12,50,157 |
| എറണാകുളം | 13,24,047 |
| ചാലക്കുടി | 13,10,529 |
| തൃശ്ശൂർ | 14,83,055 |
| ആലത്തൂർ | 13,37,496 |
| പാലക്കാട് | 13,98,143 |
| പൊന്നാനി | 14,70,804 |
| മലപ്പുറം | 14,79,921 |
| കോഴിക്കോട് | 14,29,631 |
| വയനാട് | 14,62,423 |
| വടകര | 14,21,883 |
| കണ്ണൂർ | 13,58,368 |
| കാസർഗോഡ് | 14,52,230 |

## വോട്ടിങ്ങിന് ഉപയോഗിക്കാവുന്ന തിരിച്ചറിയൽ രേഖകൾ

- വോട്ടർ ഐ ഡി കാർഡ്
- ആധാർ കാർഡ്
- പാൻ കാർഡ്
- ഭിന്നശേഷി തിരിച്ചറിയൽ കാർഡ് (UDID) കാർഡ്
- സർവീസ് ഐഡി കാർഡ്
- ഫോട്ടോ പതിച്ച ബാങ്ക്/പോസ്റ്റ് ഓഫീസ് പാസ്ബുക്ക്
- തൊഴിൽമന്ത്രാലയം നൽകുന്ന ഹെൽത്ത് ഇൻഷുറൻസ് സ്മാർട്ട് കാർഡ്
- ഡ്രൈവിങ് ലൈസൻസ്
- പാസ്സ്പോർട്ട്
- NPR-RGI നൽകുന്ന സ്മാർട്ട് കാർഡ്
- പെൻഷൻ രേഖ
- എംപി./എംഎൽഎ/എംഎൽസി -മാരുടെ ഔദ്യോഗിക തിരിച്ചറിയൽ കാർഡുകൾ
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കാർഡ്

റൂൾ 233അ : മെമ്പർമാരിൽ ആരെങ്കിലും ഒരാൾ അധാർമ്മികമായ കാര്യങ്ങൾ നടത്തിയാൽ അത് ചൂണ്ടിക്കാണിക്കുവാനുള്ള റൂളാണ് ഇത്. റൂൾ 240 :-ലോക്സഭാ മെമ്പർമാർക്ക് രാജി വെക്കാനുള്ള നടപടിക്രമം.

സഭയിൽ തീരുമാനം ഉണ്ടാകുന്നതിന് വേണ്ടിയാണ് പ്രമേയം അവതരിപ്പിക്കുന്നത്. പൊതു അടിയന്തര വിഷയം ഉന്നയിച്ച് അംഗങ്ങൾക്ക് പ്രമേയം അവതരിപ്പിക്കുവാൻ സാധിക്കും. സഭയുടെ അനുമതിയില്ലാതെ ഒരു അംഗം തുടർച്ചയായി 60 ദിവസം സഭയിൽ നിന്ന് വിട്ടുനിന്നാൽ ആ സീറ്റ് ഒഴിവായതായി കണക്കാക്കും(101(4) ഭരണഘടനാ അനുച്ഛേദം).

### പാർലമെന്ററി കമ്മിറ്റികൾ

പ്രധാനപ്പെട്ട നിയമങ്ങൾ ലോക്സഭയിൽ അവതരിപ്പിച്ചാൽ പാർലമെന്ററി കമ്മിറ്റികളിലേക്ക് ചർച്ചയ്ക്കായി നൽകും. ബില്ലുകൾ ഇഴകീറി പരിശോധിക്കുന്നത് പാർലമെന്ററി കമ്മിറ്റിയിൽ ആണ്. നിയമനിർമ്മാണ പ്രക്രിയയിലെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് കമ്മിറ്റി പ്രവർത്തനങ്ങൾ. രണ്ടുതരം പാർലമെന്ററി കമ്മിറ്റികളാണ് നിലവിലുള്ളത്


1) സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ


2) അഡ് ഹോക്ക് കമ്മിറ്റികൾ. സ്റ്റാൻഡിങ് കമ്മിറ്റി സ്ഥിരവും റെഗുലർ സ്വഭാവമുള്ളതുമാണ്. സ്റ്റാൻഡിങ് കമ്മിറ്റികൾ തന്നെ മൂന്നു തരത്തിലുണ്ട്

1)സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള കമ്മിറ്റി

2) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മിറ്റികൾ

3) മറ്റു സ്റ്റാൻഡിങ് കമ്മിറ്റികൾ. സാമ്പത്തിക സ്റ്റാൻഡിങ്ങ് കമ്മിറ്റിയിലെ പ്രധാനപ്പെട്ട ഒരു കമ്മിറ്റിയാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി എ സി ). വിവിധ ചെലവുകൾ സംബന്ധിച്ചുള്ള പരിശോധനയായിരിക്കും ഈ കമ്മിറ്റി നടത്തുന്നത്. മിക്കവാറും പ്രതിപക്ഷ നിരയിലെ ഒരു അംഗമായിരിക്കും ഇതിന്റെ ചെയർപേഴ്സൺ. ലോക്സഭയിൽ ഏറ്റവും വലിയ കമ്മിറ്റി എസ്റ്റേറ്റ് കമ്മിറ്റിയാണ്. 30 അംഗങ്ങളാണ് കമ്മിറ്റിയിൽ ഉള്ളത്. പബ്ലിക് അണ്ടർടേക്കിങ്ങ് കമ്മിറ്റിയും പ്രധാനപ്പെട്ടതാണ്. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക എന്നതാണ് ഉത്തരവാദിത്വം. അഡ്ഹോക്ക് കമ്മിറ്റി:- ഒരു പ്രത്യേകമായ കാര്യത്തിന് വേണ്ടി ഉണ്ടാക്കുന്ന കമ്മിറ്റി. ആ പ്രത്യേക കാര്യം, ചുമതല നിർവഹിച്ചു കഴിഞ്ഞാൽ പിരിച്ചുവിടപ്പെടും. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിലവിൽ 24 സ്റ്റാൻഡിങ്ങ് കമ്മിറ്റികളുണ്ട്. 21 ലോക്സഭാംഗങ്ങളും 10 രാജ്യസഭാംഗങ്ങളും അംഗങ്ങളായി ഉണ്ടാകും. മറ്റു സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ 16. രാഷ്ട്രീയപാർട്ടികളുടെ അംഗബലത്തിനനുസരിച്ച് ഓരോ കമ്മിറ്റിയിലും അംഗങ്ങളെയും ചെയർമാൻമാരെയും തെരഞ്ഞെടുക്കുന്നതാണ്.■





കാലത്തിനനുസരിച്ച് പല മാറ്റങ്ങളും തെരഞ്ഞെടുപ്പുകളിലുണ്ടായി. എന്നാൽ ഒട്ടും ചോരാത്തത് കേരളീയരുടെ തെരഞ്ഞെടുപ്പ് ആവേശമാണ്. ചില മുൻകാല തെരഞ്ഞെടുപ്പ് ചിത്രങ്ങളിലൂടെ.

ചിത്രങ്ങൾ: പിആർഡി ഫോട്ടോ ആർക്കൈവ്സ്











ഡോ. മനോജ് പി. സാമുവൽ, ഡോ. നവീന കെ, ഡോ. അരുൺ പി.ആർ.
ജലവിഭവ വികസനവിനിയോഗ കേന്ദ്രം, കേരളസർക്കാർ, കോഴിക്കോട്.



# ചൂടേറുന്ന കേരളം

ശാസ്ത്രീയമായി ആസൂത്രണം ചെയ്ത, ക്രിയാത്മകമായ ജലസംരക്ഷണ തന്ത്രങ്ങൾ നടപ്പിലാക്കുന്നത് മഴയുടെ കുറവും താപനിലയും മൂലമുള്ള പ്രതികൂലഫലങ്ങൾ ലഘൂകരിക്കാൻ കേരളത്തെ സഹായിക്കും




**ഹോ!** എന്തൊരു ചൂട്! എന്ന് കേരളീയർ പറയുന്ന കാലമാണിത്. ഒപ്പം വരൾച്ചയെയും ജലദൗർലഭ്യത്തെയും കുറിച്ചുള്ള ഭയാശങ്കകളും കർഷകർക്ക് ഉൾപ്പെടെയുണ്ടാകാം.

ജലക്ഷാമത്തിലേക്ക് നയിക്കുന്ന അഥവാ ജലലഭ്യത ഇല്ലാതെ ആയേക്കാവുന്ന വിധത്തിൽ, കുറഞ്ഞ മഴലഭ്യതയുടെ അസാധാരണമാം വിധം നീണ്ട കാലഘട്ടമാണ് വരൾച്ച എന്ന് നാം പൊതുവായി വിവക്ഷിക്കുന്നത്. കൃഷി, ജലവിതരണം, പരിസ്ഥിതി വ്യവസ്ഥകൾ, ജനസമൂഹം, വിനോദസഞ്ചാരം, ഗതാഗതം, ആരോഗ്യം  തുടങ്ങിയ മേഖലകളിൽ ഇത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. എൽ നിനോ, ആഗോളതാപനം മുതലായ പ്രതിഭാസങ്ങൾ  മൂലമോ വനനശീകരണം, ജലസ്രോതസ്സുകളുടെ അമിതോപയോഗം എന്നിവ പോലുള്ള മനുഷ്യപ്രവർത്തനങ്ങളാൽ സൃഷ്ടിക്കപ്പെടുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണമോ വരൾച്ച ഉണ്ടാകാം.

ദീർഘകാലം ശരാശരി ലഭിക്കുന്ന മഴയിൽ 26 ശതമാനംവരെ കുറവ് വരുന്നതിന് വരൾച്ച എന്നും 26 മുതൽ 50 ശതമാനം വരെ കുറവ് വരുന്നതിന് ഇടത്തരം വരൾച്ച എന്നും 50 ശതമാനത്തിൽ കൂടുതൽ കുറവ് വരുന്നത് രൂക്ഷമായ വരൾച്ച എന്നുമാണ് ഇന്ത്യൻ കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിന്റെ നിർവചനം. രാജ്യത്തിന്റെ ആകെ വിസ്തൃതിയുടെ 10% ത്തിൽ കൂടുതൽ പ്രദേശങ്ങളിലും മഴയിൽ ഗണ്യമായ കുറവുണ്ടായാൽ അത് വരൾച്ചയുടെ നിർവചനത്തിൽ വരും എന്നാണ് ദേശീയ കാർഷിക കമ്മിഷന്റെ അഭിപ്രായം.

## ചൂട് കൂടും എന്ന പ്രവചനം

ഈയിടെ, ഇന്ത്യൻ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പുറത്തിറക്കിയ കുറിപ്പിൽ സാധാരണയിലും  ഉയർന്ന താപനില ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അനുഭവപ്പെടുവാനുള്ള  സാധ്യത പ്രവചിച്ചിട്ടുണ്ട്. വരാനിരിക്കുന്ന ചൂടുള്ള കാലാവസ്ഥ (2024 മാർച്ച് മുതൽ മെയ് വരെ), അതിന്റെ തോത് എന്നിവ പുതുതായി വികസിപ്പിച്ച മൾട്ടി മോഡൽ എൻസെംബിൾ (MME) അടിസ്ഥാനമാക്കിയുള്ള പ്രവചന സംവിധാനത്തെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നത് (ചിത്രം 1).




ചിത്രം 1: മാർച്ച് –മെയ് 2024 കാലഘട്ടത്തിൽ പ്രതീക്ഷിക്കുന്ന ഉയർന്നതാപനില (IMD, 2024)

നിലവിൽ, പസഫിക് ഭൂമധ്യരേഖാപ്രദേശങ്ങളിൽ ഉഷ്ണവാതപ്രവാഹം പ്രബലമായി നിൽക്കുന്നതും ഭൂരിഭാഗം മേഖലകളിലും സമുദ്ര ഉപരിതല ഊഷ്മാവ് സാധാരണയേക്കാൾ കൂടുതലായി നിലനിൽക്കുന്നതും ആകാം ഉയർന്ന താപനിലയ്ക്കുള്ള കാരണം എന്നാണ് ഈ പ്രവചനം സൂചിപ്പിക്കുന്നത്. കൂടുതൽ കാലം ഉയർന്ന ഊഷ്മാവ് നിലനിൽക്കുന്നത് സ്വാഭാവികമായും ഉയർന്ന തോതിലുള്ള ജലനഷ്ടത്തിനും ജലശോഷണത്തിനും കാരണമാവും.

## വരൾച്ച കേരളത്തിൽ

സംസ്ഥാനത്ത് ഒരു വർഷം ലഭിക്കുന്ന മഴ ഏകദേശം നമ്മുടെ ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടിയോളം വരും. 1200-ൽ പരം മില്ലിമീറ്റർ മഴയാണ് ഇന്ത്യയിലെ ശരാശരി മഴലഭ്യത. നമ്മുടെ ശുദ്ധജലത്തിന്റെ പ്രധാനസ്രോതസ്സ് മഴ തന്നെയാണ്. പ്രധാനമായും കാലവർഷം, തുലാവർഷം, വേനൽമഴ എന്നിവയിലൂടെയാണ് കേരളത്തിന് ആവശ്യമായ വെള്ളം ലഭിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന മഴയുടെ ലഭ്യതയിലും തോതിലും ഈ അടുത്ത കാലയളവിൽ കാര്യമായ വ്യതിയാനം നമുക്ക് കാണാൻ കഴിയും. വർഷംതോറും ശരാശരി 3000 മില്ലിമീറ്ററിൽ കൂടുതൽ മഴ ലഭിക്കേണ്ട കേരളത്തിൽ ഇപ്പോൾ ലഭിക്കുന്നത് ഏതാണ്ട് രണ്ടായിരത്തിൽ പരം മില്ലിമീറ്റർ മാത്രമാണ്. കാലവർഷം-തുലാവർഷം എന്ന് നാം വിളിക്കുന്ന തെക്കുപടിഞ്ഞാറൻ-വടക്കു കിഴക്കൻ മൺസൂൺ കാലഘട്ടത്തിൽ ഇവിടെ ലഭിക്കേണ്ട ശരാശരി മഴ 2600 മില്ലിമീറ്റർ ആണ്. പക്ഷേ ഈ കഴിഞ്ഞ കാലവർഷത്തിൽ നമുക്ക് ലഭിച്ചത് ഇതിന്റെ പകുതി മാത്രമാണ്.

ഇക്കഴിഞ്ഞ തുലാവർഷ കാലയളവിൽ മഴ ലഭ്യമായ പ്രദേശങ്ങൾ കേരളത്തിൽ തുലോം കുറവായിരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതോടൊപ്പം വേനൽമഴയിൽ വന്ന ന്യൂനത കൂടി ഇപ്പോഴത്തെ രൂക്ഷമായ ജലലഭ്യതക്കുറവിന് കാരണമായി നമുക്ക് പറയാം.


ജലവിഭവ വികസനവിനിയോഗ കേന്ദ്രത്തിന്റെ ആസ്ഥാനമായ കോഴിക്കോട്ടും ഉപകേന്ദ്രങ്ങളിലും വിന്യസിച്ചിരിക്കുന്ന കാലാവസ്ഥമാപിനി സംവിധാനങ്ങളിൽ രേഖപ്പെടുത്തിയ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു വിശകലനം നടത്തുകയുണ്ടായി. 2023 ജൂൺ മുതലുള്ള മഴയുടെ അളവും വിതരണവും വിശകലനം ചെയ്തതിൽനിന്നും നാളിതുവരെ വാർഷിക ശരാശരിയിൽ നിന്നും കുറഞ്ഞ മഴയാണ് ലഭ്യമായിട്ടുള്ളത് എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഓരോ മാസവും കോഴിക്കോട് ആസ്ഥാനത്ത് ലഭിച്ച മഴയും അതിന്റെ ശരാശരിയിൽ നിന്നുള്ള വ്യതിയാനവും താഴെ കൊടുക്കുന്നു (പട്ടിക 1). അതോടൊപ്പം അന്തരീക്ഷ ഊഷ്മാവിന് ഉണ്ടായ വ്യതിയാനവും കുറഞ്ഞ ഊഷ്മാവ്, കൂടിയ ഊഷ്മാവ് എന്നിങ്ങനെ വേർതിരിച്ച് ചിത്രത്തിൽ കൊടുത്തിരിക്കുന്നു (ചിത്രം 2)

ഇതിന്റെ തുടർച്ചയായി, ജലവിഭവ വികസനവിനിയോഗ കേന്ദ്രത്തിൽ (CWRDM) ലഭ്യമായ സ്ഥിതിവിവരക്കണക്കുകളും കേരളത്തിന്റെ കാലാവസ്ഥാമാതൃക രൂപപ്പെടുത്തുവാൻ ഉതകുന്ന രീതിയിൽ മഴയുടെയും അതോടൊപ്പം മറ്റു കാലാവസ്ഥഘടകങ്ങളുടെയും ദൈനംദിനവിവരങ്ങളും കണക്കുകളും വിശകലനം ചെയ്തുവരികയാണ്. വിവിധ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി, 1987-2023 (37 വർഷം) കാലയളവിലെ കാലാവസ്ഥഘടകങ്ങളുടെ സംഗ്രഹ സ്ഥിതിവിവരക്കണക്കുകൾ ഉപയോഗിച്ച്, വിവിധ തീവ്രത സൂചികകൾ, പലരീതിയിലുള്ള കാലാവസ്ഥഘടകങ്ങളുടെ പ്രവണതകൾ, സമയ ശ്രേണി

| മാസം | ലഭിച്ച മഴ | സാധാരണ ലഭിക്കാറുള്ളത് | വ്യതിയാനം (%) |
|---|---|---|---|
| ജൂൺ 2023 | 293.1 | 765.16 | -61.6943 |
| ജൂലൈ 2023 | 802.7 | 741.36 | 8.273983 |
| ആഗസ്റ്റ് 2023 | 52.2 | 449.48 | -88.3866 |
| സെപ്റ്റംബർ 2023 | 740.4 | 304.07 | 143.4966 |
| ഒക്ടോബർ 2023 | 232.6 | 296.60 | -21.5779 |
| നവംബർ 2023 | 163.2 | 148.59 | 9.832425 |
| ഡിസംബർ 2023 | 26.5 | 34.01 | -22.0817 |
| ജനുവരി 2024 | 53.8 | 6.45 | 734.1085 |
| ഫെബ്രുവരി 2024 | 0 | 2.35 | -100 |
| ആകെ | 2364.5 | 2748.07 | -14.04 |

പട്ടിക 1




ചിത്രം 2: കോഴിക്കോട് രേഖപ്പെടുത്തിയ കുറഞ്ഞതും കൂടിയതും ആയ താപനിലയിലെ  വ്യതിയാനം

വിശകലനം മുതലായ പഠനങ്ങൾ നടക്കുകയുണ്ടായി. ഈ പഠനഫലങ്ങൾ കേരളത്തിൽ താപനില ഉയരാൻ സാധ്യതയുണ്ടെന്ന്  ശക്തമായ സൂചനകൾ നൽകുന്നു.

ഉയർന്ന ചൂടുള്ള ദിവസങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു, സാധാരണയിൽ ഉയർന്ന താപനിലയും കാണപ്പെട്ടു വരുന്നു. ദൈനംദിന പരമാവധി താപനിലയും കുറഞ്ഞ താപനിലയും തമ്മിലുള്ള വ്യത്യാസങ്ങൾ

ദീർഘകാല അടിസ്ഥാനത്തിൽ മാർച്ച് മുതൽ ഏപ്രിൽ വരെ വർധനവ് കാണിക്കുന്നു. തുടർന്ന് മെയ് മാസത്തിൽ താപനിലയിൽ കുറവുണ്ടാകുന്നതായി കാണപ്പെടുന്നു. ഏറ്റവുമധികം ചൂടുള്ള ദിവസങ്ങളുമായി ഏപ്രിൽ വേറിട്ടുനിൽക്കുന്നു. ഈ സാഹചര്യം ജലസേചനത്തിനും വ്യാവസായിക ആവശ്യത്തിനും മറ്റുമായി ലഭ്യമായ ജലസ്രോതസ്സുകളുടെ അധിക ഉപയോഗത്തിന് കാരണമാകും. ചൂട് കാലത്ത് ഉയരുന്ന ഗാർഹിക ആവശ്യങ്ങൾ ആത്യന്തികമായി ഉപരിതലജലത്തിന്റെയും ഭൂഗർഭജലത്തിന്റെയും അളവ്

കുറയുന്നതിലേക്ക് നയിക്കുന്നു.


അതുപോലെ തന്നെ വരൾച്ച പോലുള്ള സാഹചര്യങ്ങൾ വരുംമാസങ്ങളിൽ സ്റ്റാൻഡേർഡ് പ്രെസിപിറ്റേഷൻ എവാപോട്രാൻസ്പിരേഷൻ ഇൻഡക്സ് (SPEI) ഉപയോഗപ്പെടുത്തി പ്രവചിക്കാനുള്ള ശ്രമവും നടത്തുകയുണ്ടായി. പഠനപ്രകാരമുള്ള പ്രവചനഫലങ്ങൾ കാണിക്കുന്നത് 2024 മാർച്ചിൽ -0.31 എന്ന SPEI മൂല്യത്തോടെ നേരിയ വരൾച്ചയ്ക്ക് സാധ്യതയുണ്ടെന്നാണ്. 2024 ഏപ്രിലിൽ 0.3 ഉം 2024 മെയിൽ 0.28 ഉം ഉള്ള SPEI മൂല്യങ്ങൾ വരൾച്ച ഉണ്ടാകാനുള്ള സാധ്യത കുറവാണ് എന്നുള്ള ആശ്വാസമേകുന്ന അനുകൂലസൂചനകൾ നൽകുന്നു. വരാനിരിക്കുന്ന സീസണിൽ ഇന്ത്യൻ കാലാവസ്ഥ വകുപ്പ് (IMD) പ്രവചിച്ച വേനൽമഴയുടെ സാന്നിധ്യം ഈ കണ്ടെത്തലിന് ബലമേകുന്നു.

## ജലസംഭരണികളിലെ ജലനിരപ്പ്

2024 മാർച്ച് വരെയുള്ള കേരളത്തിലെ ജലസേചനപദ്ധതികളുടെ ജലസംഭരണത്തിന്റെ അളവ് വിലയിരുത്തുമ്പോൾ, മംഗലം ജലസേചന പദ്ധതിയിൽ മാത്രമേ ഗണ്യമായ തോതിലുള്ള കുറവ് കാണപ്പെടുന്നുള്ളൂ. 2023-നെ അപേക്ഷിച്ച് 2024-ൽ അണക്കെട്ടുകളിലെ ജലവ്യാപ്തത്തിലെ മാറ്റം വളരെ കുറവാണ്, ഇത് ഏകദേശം 10% പരിധിയിൽ തന്നെ നിലനിൽക്കുന്നുണ്ട്. വേനൽമഴ പെയ്താൽ ഈ വിഷയത്തിൽ ആശങ്കപ്പെടേണ്ടതില്ല.

## ഉയരുന്ന താപനിലയും കൃഷിക്കാരും


പ്രധാനവിളകളായ നെല്ല്, ചീര, പയർ എന്നിവയിൽ ഉയർന്ന താപനില എന്തൊക്കെ വ്യത്യാസങ്ങൾ ഉണ്ടാക്കുന്നു എന്ന പഠനം ജലവിഭവ വികസനവിനിയോഗ കേന്ദ്രം നടത്തുകയുണ്ടായി. ഈ ഗവേഷണങ്ങൾ ഉയരുന്ന താപനിലയുടെ ആഴത്തിലുള്ള പ്രത്യാഘാതങ്ങളിലേക്ക് വെളിച്ചം വീശുന്നു. ഗവേഷണ ഫലങ്ങൾ സൂചിപ്പിക്കുന്നത് താപനില കൂടുന്നതോടൊപ്പം വിളനഷ്ടം ഉയരാൻ സാധ്യത ഉണ്ടെന്നാണ്. അതിന്റെ തോത് വിവിധ വിളകൾ, വിള ഇനങ്ങൾ എന്നിവയ്ക്ക് അനുസൃതമായി വ്യത്യാസപ്പെടാം. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാസാഹചര്യങ്ങൾക്കിടയിൽ കാർഷികസുസ്ഥിരത സംരക്ഷിക്കുന്നതിനുള്ള സജീവമായ



ഗവേഷണ ഫലങ്ങൾ സൂചിപ്പിക്കുന്നത് താപനില കൂടുന്നതോടൊപ്പം വിളനഷ്ടം ഉയരാൻ സാധ്യത ഉണ്ടെന്നാണ്

# പൊതുവായ ചില നിർദേശങ്ങൾ

- താപസമ്മർദം കുറയ്ക്കുന്നതിന് മണ്ണിലെ ഈർപ്പം നിലനിർത്തേണ്ടത് നിർണ്ണായകമായതിനാൽ വിളകൾക്ക് നേരിയ തോതിൽ ജലസേചനം നൽകുക. ബാഷ്പീകരണ നഷ്ടം ഒഴിവാക്കുന്നതിനോ പകൽ സമയത്ത് ഉയർന്ന കാറ്റിന്റെ വേഗത മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിനോ ഉതകുന്ന രീതിയിൽ അതിരാവിലെയോ വൈകുന്നേരമോ വെള്ളം നൽകുന്നത് അഭികാമ്യമാണ്.
- ഉയർന്ന താപനിലയോട് ഏറ്റവും പെട്ടന്ന് പ്രതികരിക്കുന്ന വളർച്ചാഘട്ടങ്ങൾ താപസമ്മർദത്തിന്റെ കാലഘട്ടവുമായി ചേർന്ന് വരാത്തവിധത്തിൽ വിളകൾ വിതയ്ക്കുന്ന സമയം ക്രമീകരിക്കണം.
- ഈർപ്പത്തിന്റെ മതിയായ ലഭ്യത ഇല്ലെങ്കിൽ ഉയർന്ന ഊഷ്മാവ് ഉള്ള സമയത്ത് വിളകൾക്ക് രാസവളങ്ങൾ പ്രയോഗിക്കാൻ പാടില്ല, അല്ലാത്തപക്ഷം അവ വിളകളെ ദോഷകരമായി ബാധിക്കും.
- മണ്ണിന്റെ ഈർപ്പനില മെച്ചപ്പെടുത്തുന്നതിന് വിളകൾക്ക് പുതയിടുന്നത് അഭികാമ്യമാണ്.
- മഴയുടെ മാറിക്കൊണ്ടിരിക്കുന്ന രീതികളും മറ്റ് കാലാവസ്ഥാഘടകങ്ങളും പഠനവിധേയമാക്കി വിള കലണ്ടറും കൃഷി രീതിയും പുനഃക്രമീകരിക്കുക.
- എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കണം
- ഭൂവിവരശേഖരണ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി വരൾച്ചസാധ്യത പ്രദേശങ്ങൾ അടയാളപ്പെടുത്തുന്ന ഒരു ഉപഗ്രഹാധിഷ്ഠിത മാപ്പ് വികസിപ്പിക്കുകയും അത് പഞ്ചായത്തുകൾക്കും ജലവിഭവ/റവന്യൂ /കൃഷി/ മൽസ്യ / മൃഗസംരക്ഷണ വകുപ്പുകൾക്ക് ലഭ്യമാക്കുകയും ചെയ്യുക.



വർഷംതോറും ശരാശരി 3000 മില്ലിമീറ്ററിൽ കൂടുതൽ മഴ ലഭിക്കേണ്ട കേരളത്തിൽ ഇപ്പോൾ ലഭിക്കുന്നത് ഏതാണ്ട് രണ്ടായിരത്തിൽ പരം മില്ലിമീറ്റർ മാത്രമാണ്.

- വേനൽമഴ ഉണ്ടെങ്കിൽ, മഴവെള്ള സംഭരണസംവിധാനങ്ങൾ വഴി ശേഖരിക്കുകയും ഭൂജലപോഷണം നടത്തുകയും ചെയ്യുക.
- ജലാശയങ്ങളിൽ മലിനീകരണവും മാലിന്യ നിക്ഷേപവും തടയുക.
- ശാസ്ത്രീയമായ ജലപരിപാലനം, വരൾച്ച നിർമ്മാർജനം, മണ്ണിലെ ഈർപ്പസംരക്ഷണം തുടങ്ങിയവയിൽ മാനവികശേഷി വർധിപ്പിക്കുക. ജലസാക്ഷരത ഉറപ്പുവരുത്തുക
- ജലസേചനക്രമങ്ങൾ കേരളത്തിലെ സാഹചര്യങ്ങൾക്കും കാർഷിക-കാലാവസ്ഥാ പ്രദേശങ്ങൾക്കും ഉതകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുക.
- വരൾച്ച നേരിടുന്ന എല്ലാ പ്രദേശങ്ങളിലും വരൾച്ച ദൗത്യസേനയുടെ വിന്യാസം വരൾച്ചയെ നേരിടാൻ സഹായിക്കുന്നതിനും മുൻകൂർ മുന്നറിയിപ്പ് നൽകുന്നതിനും വരൾച്ച കൈകാര്യം ചെയ്യുന്നതിനും സഹായിക്കുന്നു.
- ജലദൗർലഭ്യം നേരിടുന്ന തീരപ്രദേശങ്ങളിൽ ലവണ നിർമ്മാർജന സാങ്കേതികവിദ്യകൾ സ്വീകരിക്കുക.
- സാധ്യമാകുന്നിടത്തെല്ലാം ജല ഉപയോഗം ഗണ്യമായി കുറക്കുന്നതിന് സൂക്ഷ്മ ജലസേചന, തിരി ജലസേചന സംവിധാനങ്ങൾ നടപ്പാക്കുക.
- തദ്ദേശീയ ജലസംഭരണ സാങ്കേതികവിദ്യകളും രീതികളും തെരഞ്ഞു പിടിച്ച് പരിഷ്കരിക്കുകയും, പ്രയോഗത്തിൽ കൊണ്ടുവരികയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

തന്ത്രങ്ങൾ നടപ്പിലാക്കേണ്ടതിന്റെ അടിയന്തര ആവശ്യം ഈ പഠനങ്ങൾ ഉയർത്തിക്കാട്ടുന്നു.

## വെള്ളത്തിന്റെ ഗുണനിലവാരം

വേനൽക്കാലത്ത്, ഭൂഗർഭജലത്തിന്റെ ഉപയോഗം കൂടുതലും ജലാപോഷണം കുറവും ആയതിനാൽ, മൂലകങ്ങളുടെ സാന്ദ്രത കൂടുതലായി കാണപ്പെടുന്നു. എന്നിരുന്നാലും, ഭൂരിഭാഗം ജല ഗുണനിലവാര മാനകങ്ങളും കുടിവെള്ളത്തിനുള്ള ബിഐഎസ് (BIS) മാനദണ്ഡങ്ങളുടെ നിശ്ചിത പരിധിക്കുള്ളിലാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പൊതുവേ, കലക്കൽ വർധിക്കുന്നതിനൊപ്പം ജലത്തിലെ ഇരുമ്പിന്റെ അളവ് ഉയർന്നു കാണപ്പെടുന്നുണ്ട്. കടൽത്തീരത്തെ ചില സ്ഥലങ്ങളിൽ, ഉപ്പുവെള്ളം കയറുന്നത് കാരണം, പ്രധാന മൂലകങ്ങളുടെ വർധനവ് ഉണ്ടാവുകയും ജലത്തെ കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയാതെ വരികയും ചെയ്യും. തുറന്ന കിണറുകളിൽ ഭൂരിഭാഗവും വെട്ടുകല്ല് മേഖലയിലായതിനാൽ, പൊതുവെ അമ്ലത ശ്രേണിയിലാണ് കാണപ്പെടുക. പാലക്കാട്, മലപ്പുറം, ആലപ്പുഴ ജില്ലകളിലെ ചില സ്ഥലങ്ങളിൽ ഫ്ളൂറൈഡിന്റെ സാന്ദ്രത കൂടിയ അളവിൽ കണ്ടെത്തിയിട്ടുണ്ട് . ഇ.കോളിയുടെ ബാക്ടീരിയ മലിനീകരണം വേനൽക്കാലത്തും മഴക്കാലത്തും വ്യാപകമായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആദിവാസി കോളനികളിലും മറ്റ് സമൂഹ വാസസ്ഥലങ്ങളിലും അനുചിതമായ ശുചിത്വപാലന രീതികൾ കാരണം കോളറ, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ പകർച്ചവ്യാധികൾ കാണപ്പെടാറുണ്ട്. ശരിയായ ശുചിത്വപാലന സമ്പ്രദായങ്ങളും ജലശുദ്ധീകരണരീതികളും സ്വീകരിക്കുന്നതിലൂടെ, ജലത്തിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മറികടക്കാം.

ശാസ്ത്രീയമായി ആസൂത്രണം ചെയ്ത, ക്രിയാത്മകമായ ജലസംരക്ഷണ തന്ത്രങ്ങൾ നടപ്പിലാക്കുന്നത് മഴയുടെ കുറവും താപനിലയും മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കാൻ കേരളത്തെ സഹായിക്കും. ഒപ്പം, ജലസംരക്ഷണ നടപടികളെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കേണ്ടതും കേരളത്തിന്റെ സുസ്ഥിര ജലസ്രോതസ്സുകൾ സംരക്ഷിക്കുക എന്ന പൊതുലക്ഷ്യത്തിന് വ്യക്തികൾ, സമൂഹങ്ങൾ, സംഘടനകൾ എന്നിവയിൽ നിന്നുള്ള സജീവപങ്കാളിത്തം പ്രോത്സാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്.■

സതീഷ്. ആർ. വി.
പ്രോഗ്രാം ഓഫീസർ, ഹരിതകേരളം മിഷൻ



# നീരുറവുകൾ വറ്റാതിരിക്കാൻ

**ജലസ്രോതസ്സുകൾ ശുദ്ധീകരിക്കാം, പുനരുജ്ജീവിപ്പിക്കാം, പരിപാലിക്കാം**

നമ്മുടെ സംസ്ഥാനത്തെ പ്രധാന ഉപരിതല ജലസ്രോതസ്സുകൾ കുളങ്ങൾ, തോടുകൾ, പുഴകൾ, നീരുറവുകൾ തുടങ്ങിയവയൊക്കെയാണ്. എണ്ണത്തിൽ ഏറെയുള്ള ഇവയിൽ എക്കാലത്തേയും ജലലഭ്യതയും ജലശുദ്ധിയും ഉറപ്പാക്കുക എന്നത് ഏറ്റവും പ്രധാനമാണ്. ഇവയെ ശുദ്ധീകരിച്ച്, പുനരുജ്ജീവിപ്പിച്ചു ജലദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവുകളിൽ ജലലഭ്യത വർധിപ്പിക്കാനാകും. ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

ഇതിനുള്ള അവബോധം പൊതുജനങ്ങളിൽ ഉണ്ടായിവരണം. മാലിന്യം വലിച്ചെറിയാതെയും ദ്രവമാലിന്യം ഒഴുക്കി വിടാതെയും ശ്രദ്ധിക്കുകയും ഇതിനാവശ്യമായ സംസ്കരണ, പരിപാലന സംവിധാനങ്ങൾ എല്ലായിടത്തും ഉറപ്പാക്കുകയും ചെയ്യണം. ശുചീകരിക്കപ്പെടുന്ന ജലസ്രോതസ്സുകൾ ഉപയോഗിക്കപ്പെടുക എന്നത് ഏറ്റവും പ്രധാനമാണ്. പ്രദേശത്ത് കൃഷി സാധ്യമാക്കുകയെന്നതാണ് ഇതിൽ പ്രധാനം. കൂടാതെ മറ്റ് ആവശ്യങ്ങൾക്കും ഈ ജലസ്രോതസ്സുകളിലെ ജലം



പ്രയോജനപ്പെടുത്തണം.

## ജലം റീചാർജ് ചെയ്യാം

അധിക ജലസംഭരണം സാധ്യമാക്കി മാത്രമേ ജലദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവുകളിൽ ജലലഭ്യത ഉറപ്പാക്കാനാകൂ. ഇതിനായി കുളങ്ങളും കിണറുകളും ശുചിയായി സംരക്ഷിക്കുന്നതോടൊപ്പം യുക്തമായ സ്ഥലങ്ങളിൽ നീർച്ചാലുകളിൽ തടയണകൾ പോലുള്ള ജലസംഭരണി നിർമ്മിക്കാനുമാകും. സാധ്യമായ ഇടങ്ങളിൽ ഭൂജല റീചാർജിങ്ങ്, കിണർ റീചാർജിങ്ങ് സംവിധാനങ്ങളും ഒരുക്കണം.

പൊതുസ്ഥാപനങ്ങളിലെ മേൽക്കൂരയിൽ പെയ്തുകിട്ടുന്ന ജലം കിണറിന് സമീപം ഒരു റീചാർജ് പിറ്റ് നിർമ്മിച്ച് അതിലേയ്ക്ക് റീചാർജ്  ചെയ്യാവുന്നതാണ്. സ്വകാര്യകിണറുകളിൽ റീചാർജിങ്ങ് സംവിധാനം ഒരുക്കുന്നതിന് റീചാർജ് പിറ്റിലേക്ക് റീചാർജ്  ചെയ്യുന്ന രീതിയാണ് ഏറ്റവും അഭികാമ്യം. ഇത്തരത്തിൽ റീചാർജ് ചെയ്യുമ്പോൾ ഒരു പ്രദേശത്തെ പരമാവധി കിണറുകളിൽ വ്യാപകമായി റീചാർജിങ്ങ് സംവിധാനം ഒരുക്കിയാൽ മാത്രമേ ഭൂജല നിരപ്പിൽ അതിന്റെ പ്രതിഫലനം ദൃശ്യമാകുകയുള്ളു.

കേരളത്തിൽ നിരവധിയായ ഉപേക്ഷിക്കപ്പെട്ട പാറമടകളും ലാറ്ററേറ്റ് ക്വാറികളുമുണ്ട്. ഇവയിലൊക്കെ ധാരാളമായി വെള്ളം ശേഖരിക്കപ്പെട്ടിട്ടുണ്ട്. ഇവയിലെ ജലം ഫലപ്രദമായി വിനിയോഗിക്കാനാകും. പമ്പുകൾ ഉപയോഗിച്ചോ ഗ്രാവിറ്റി ഫ്ളോയിലൂടെയോ ഇവയിലെ ജലം തൊട്ടടുത്ത നീർച്ചാലുകളിലെത്തിച്ച് കൃഷിയ്ക്ക് ജലം ലഭ്യമാക്കാം. തടയണകൾ നിർമ്മിച്ച് ഈ ജലം ശേഖരിച്ച് നിർത്താനുമാകും. നീർച്ചാൽ ഒഴുകുന്ന പ്രദേശത്തെ കുളങ്ങൾ റീചാർജ് ചെയ്യാനും ഇത് പ്രയോജനപ്പെടുത്താം. ക്വാറികൾക്ക് സമീപം ഒരു റീചാർജ് പിറ്റ് നിർമ്മിച്ച് അതിലേക്ക് ഒഴുക്കിവിട്ട് ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ ഭൂജലനിരപ്പ് ഉയർത്താനും അതുവഴി കിണറുകളിൽ കൂടുതൽ കാലം ജലലഭ്യത ഉറപ്പാക്കാനാകും.

## ബന്ധാരകൾ

കേരളത്തിലെ ഭൂപ്രകൃതിയും ജനസാന്ദ്രതയും പരിഗണിക്കുമ്പോൾ വലിയ ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിമിതമാണ്. അതുകൊണ്ടു തന്നെ പാരിസ്ഥിതികാഘാതം ഏറ്റവും കുറഞ്ഞതും ജലസ്രോതസ്സുകൾക്കുള്ളിൽ തന്നെ ഒതുങ്ങുന്ന തരത്തിലുമുള്ള ജലസംഭരണികൾ ആയിരിക്കും കൂടുതൽ യോജിക്കുക. ഇത്തരത്തിലുള്ള ഒരു ജല സംഭരണിയാണ് ഗോവൻ മാതൃകയിലുള്ള ബന്ധാരകൾ. ഒരു നീർച്ചാലിലോ പുഴയിലോ നിശ്ചിത അകലത്തിൽ ഒരുനിരയായിട്ടാണ് ഇത്തരം ബന്ധാരകൾ നിർമ്മിക്കുന്നത്. മഴക്കാലത്ത് ഷട്ടറുകൾ പൂർണ്ണമായി എടുത്തുമാറ്റി സുഗമമായ നീരൊഴുക്ക് ഉറപ്പാക്കാനും മഴയ്ക്ക് ശേഷം ഷട്ടറുകൾ പുനഃസ്ഥാപിച്ച് ജലം സംഭരിച്ചുനിർത്താനും ഈ ബന്ധാരകളിൽ സാധ്യമാണ്. മഴക്കാലത്ത് ഷട്ടറുകൾ പൂർണ്ണമായി മാറ്റിയാൽ നീരൊഴുക്ക് ഒരു വിധത്തിലും തടസ്സപ്പെടില്ല എന്നതിനാൽ കേരളത്തിൽ അനുയോജ്യമായ ഒരു ജലസംഭരണിയാണ് ബന്ധാര.

## കുളം സംരക്ഷണം

കേരളത്തിൽ ഭൂജലനിരപ്പ് നിയന്ത്രിക്കുന്നതിൽ കുളങ്ങളുടെ പങ്ക് നിർണ്ണായകമാണ്. കേരളത്തിൽ ആയിരക്കണക്കിന് വലിയ കുളങ്ങളാണ് നിലവിലുള്ളത്. ഇവയിൽ ഏറിയ പങ്കും പൊതുവുടമസ്ഥതയിൽ ഉള്ളവയാണ്. മുൻകാലങ്ങളിൽ നെൽക്കൃഷിക്കുള്ള പ്രധാന ജലസ്രോതസ്സായി ഇവ ഉപയോഗിക്കപ്പെട്ടിരുന്നു. എന്നാൽ നെൽക്കൃഷിയുടെ വിസ്തൃതി കുറഞ്ഞത് ഇവയുടെ ഈ മേഖലയിലെ ഉപയോഗം കുറച്ചു. ഒപ്പം ഇവയിൽ പലതും പരിചരണമില്ലാതെ എക്കലടിഞ്ഞും പാഴ്ച്ചെടികളും മാലിന്യങ്ങളും നിറഞ്ഞും ഉപയോഗശൂന്യമായിപ്പോയിട്ടുണ്ട്. ഇവയെ പുനരുജ്ജീവിപ്പിച്ച് ഒരു പ്രധാന ജലസ്രോതസ്സായി മാറ്റേണ്ടതുണ്ട്.

കുളം സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കുളത്തിന്റെയും അനുബന്ധമായുള്ള പൊതുഭൂമിയുടേയും അളവ്, ഖര-ദ്രവ മലിനീകരണം, വൃഷ്ടിപ്രദേശം എന്നിവ സംബന്ധിച്ച് വിവര ശേഖരണം നടത്തേണ്ടതുണ്ട്. വൃഷ്ടിപ്രദേശത്തുനിന്നും ജലം ഒഴുകി കുളത്തിൽ എത്തുന്നത് സംബന്ധിച്ചും പഠനം നടത്തണം. ഈ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി വൃഷ്ടിപ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിനും ഭൂജല റീചാർജിങ്ങിനും ആവശ്യമായ ഇടപെടലുകൾ നടത്തണം. തുടർന്ന് കുളം പുനരുജ്ജീവനപ്രവർത്തനങ്ങൾ നടത്തണം.

കുളം പുനരുജ്ജീവനം പോലെ പ്രധാനമാണ് അതിന്റെ പരിപാലനവും. എന്തെങ്കിലും ആവശ്യത്തിന് കുളവും ചുറ്റുപാടുകളും ഉപയോഗിക്കപ്പെടണം. കൃഷിയ്ക്ക്, കുടിവെള്ളത്തിന്, നീന്തൽ പരിശീലനത്തിന്, മൽസ്യം വളർത്തൽ മുതലായവയ്ക്ക് ഇവ ഉപയോഗിക്കാനാകും. കുളത്തിനു ചുറ്റുമുള്ള പ്രദേശം ആൾക്കാർക്ക് ഒത്തുചേരാനുള്ള പൊതുവിടം, കളിസ്ഥലം, ഓപ്പൺ ജിം, പ്രഭാത-സായാഹ്ന നടത്തം തുടങ്ങി പല ആവശ്യങ്ങൾക്കും വിനിയോഗിക്കാം.■

വിഷ്ണു എസ് പി.
അഗ്രികൾച്ചർ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ



# കൊടും ചൂടിലെ കൃഷി

## വേനൽക്കാല സംരക്ഷണം കാർഷികമേഖലയിൽ

താപനില വർഷംതോറും ഉയരുന്നതും കാലാവസ്ഥാവ്യതിയാനവും കാർഷികോൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വരൾച്ചാപ്രതിരോധ മാർഗങ്ങൾ / ലഘൂകരണ മാർഗങ്ങൾ മുൻകൂട്ടി അവലംബിക്കേണ്ടത് കർഷകർ ശീലമാക്കേണ്ടിയിരിക്കുന്നു

## പച്ചക്കറി വിളകൾ

- ജലസേചനം ആവശ്യത്തിനുമാത്രം. രാവിലെയോ വൈകുന്നേരമോ മാത്രമായി ജലസേചനം ക്രമപ്പെടുത്തുക.
- ചെടികളിൽ തളിക്കുന്നതിനു പകരം ചുവട്ടിൽ മാത്രം ജലസേചനം നൽകുന്നത് ജലനഷ്ടം കുറയ്ക്കും.

## വരൾച്ചാ പ്രതിരോധത്തിന് 'വാം'. (VAM കൾച്ചർ)

വെസിക്കുലാർ ആർബസ്കുലർ മൈക്കോറൈസ എന്നറിയപ്പെടുന്ന വാം ഒരുതരം കുമിളിന്റെയും വേരിന്റെയും സംയോജനമാണ്. ഇത് കൾച്ചർ രൂപത്തിൽ ലഭ്യമാണ്. പച്ചക്കറി വിത്തുകൾ, തൈകൾ നടുന്നതിന് മുമ്പ് ഒരു നുള്ള് 'വാം' കൾച്ചർ കുഴികളിൽ ഇട്ടശേഷം അതിനുമുകളിൽ നടാവുന്നതാണ്. ചെടികളുടെ വേരിനുചുറ്റും മൈക്കോറൈസ എന്നറിയപ്പെടുന്ന 'വാം' ഒരു ആവരണമായി വളരുകയും ആഴത്തിൽ വളരുന്ന കുമിൾ വേരുകൾ ഭൂമിക്ക് അടിയിൽ നിന്നും ജലം ആഗിരണം ചെയ്തു ചെടികളെ ഒരു പരിധിവരെ വരൾച്ചയിൽ നിന്നും പ്രതിരോധിക്കുകയും ചെയ്യുന്നു. കൃഷിവകുപ്പിന്റെ ഇക്കോഷോപ്പുകളിലും കാർഷിക സർവകലാശാലയുടെ വിൽപന കേന്ദ്രങ്ങളിലും 'വാം' കൾച്ചർ ലഭ്യമാണ്.

## തിരിനന സംവിധാനം

ചെറിയതോതിൽ കൃഷി ചെയ്യുന്നവർക്ക് ജലവിനിയോഗം പരമാവധി കുറയ്ക്കുന്നതിന് ഈ സംവിധാനം സഹായകരമാണ്. നടീൽ മിശ്രിതം നിറച്ച ചാക്കിനു ചുവട്ടിൽക്കൂടി തിരി(wick )കടത്തി വയ്ക്കുകയാണ് ചെയ്യുന്നത്. തിരിയുടെ ഒരഗ്രം ജലത്തിലും ഇറക്കി വയ്ക്കുന്നു. ചെടിയുടെ ആവശ്യാനുസരണം താഴെയുള്ള ജലസ്രോതസ്സിൽ നിന്ന് തിരിവഴി മണ്ണിലേക്ക് ജലം വലിച്ചെടുക്കപ്പെടുന്നു.

## പി പി എഫ് എം (PPFM) ജീവാണു ലായനി

പിങ്ക് പിഗ്മെന്റഡ് ഫാക്കൽറ്റേറ്റീവ് മെത്തിലോട്രോഫ് എന്നറിയപ്പെടുന്ന ഈ സൂക്ഷ്മാണുക്കൾക്ക് വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള കഴിവുമുണ്ട്. ബാക്ടീരിയൽ ജീവാണു ലായനി ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി ഇലകളിൽ തളിക്കുകയാണ്



വേണ്ടത്. നല്ല വരണ്ട കാലാവസ്ഥ ആണെങ്കിൽ 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി വൈകുന്നേരങ്ങളിൽ തളിക്കാം. മറ്റു രാസവസ്തുക്കൾ ഇതോടൊപ്പം ഉപയോഗിക്കുവാൻ പാടില്ല.

## വാഴ

- ബാഷ്പീകരണ ജലനഷ്ടം കുറയ്ക്കുന്നതിനായി പഴുത്തതും കരിഞ്ഞതുമായ ഇലകൾ മുറിച്ചുമാറ്റുക.
- വാഴക്കന്നുകൾ നടുന്നതിനുമുമ്പ് 50 ഗ്രാം 'വാം' കൾച്ചർ കുഴികളിൽ ഇട്ടശേഷം നടുക.
- കണിക ജലസേചനം വാഴക്കൃഷിക്ക് വളരെ ഫലപ്രദമാണ്.
- തടത്തിൽ പയർവർഗ വിളകൾ നല്ലൊരു ആവരണമായി വളർത്തി പുതയിടീൽ സാധ്യമാക്കാം. വൻപയർ, ചെറുപയർ, മുതിര,ഉഴുന്ന് എന്നിവയെല്ലാം തന്നെ കാർഷികവിളയായി വളർത്താവുന്നതാണ്. പയർ വിത്തുകൾ വളർത്തുന്നതിനൊപ്പം കരിയിലകൾ കൊണ്ട് പുതയിട്ടു കൊടുത്താൽ വളരെ നല്ലത്. കിളിർത്തുവരുന്ന പയർവിത്തുകൾ പിന്നീട് ഒരു ആവരണമായി നിലവിലുള്ള ജൈവപുതയ്ക്കൊപ്പം വളർന്നുകൊള്ളും.

## തോട്ടവിളകൾ

- തെങ്ങിന്റെ കാര്യത്തിൽ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും വിളയിൽ നിന്നുള്ള ആദായത്തിനും



# വരൾച്ചാ പ്രതിരോധത്തിന്

വളരെ നേർപ്പിച്ച് ചാണക സ്ലറി ഇലകളിൽ തളിക്കാവുന്നതാണ്.

**തയ്യാറാക്കുന്ന വിധം**

ചാണകവും ശർക്കരയും ചേർത്താണ് ഈ കൂട്ട് നിർമ്മിക്കുന്നത്. 40 കിലോ ചാണകവും നാല് ലിറ്റർ കഞ്ഞിവെള്ളവും രണ്ട് കിലോഗ്രാം ശർക്കരയും നന്നായി കലർത്തി ഒരു ചണച്ചാക്കിൽ നിറച്ച് 200 ലിറ്റർ ശേഷിയുള്ള ബാരലിൽ മുക്കാൽഭാഗം വെള്ളം നിറച്ച് വെള്ളത്തിൽ മുങ്ങി കിടക്കുന്ന വിധത്തിൽ തൂക്കിയിടുക. 48 മണിക്കൂർ പുളിപ്പിച്ച ശേഷം ലായനി അരിച്ചെടുത്ത് 10% വീര്യത്തിൽ ചെടികളിൽ തളിക്കാനായി ഉപയോഗിക്കാം. സ്യൂഡോമോണാസ് ഇതോടൊപ്പം കലർത്തി പ്രയോഗിക്കുന്നത് അത്യുത്തമം( 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ).

പച്ചക്കറി വിളകൾക്ക് ചുവട്ടിൽ ജൈവ പുതപ്പ് ഉറപ്പാക്കുക.

കണിക ജലസേചനം അഭികാമ്യം.

- ഏറ്റവും താഴത്തെ 3-5 ഓലകൾ മുറിച്ചുമാറ്റി ബാഷ്പീകരണനഷ്ടം കുറയ്ക്കുക.
- പച്ചില വളച്ചെടികൾ തടങ്ങളിൽ ആവരണവിളയായി വളർത്തുക.
- രണ്ടുവർഷംവരെ തണൽ ക്രമീകരണം അനിവാര്യം.
- വേനൽ അധികമായാൽ പ്രായം കുറഞ്ഞ ചെടികൾക്ക് പ്രത്യേക സംരക്ഷണം നൽകേണ്ടതാണ്. തെക്കുപടിഞ്ഞാറൻ വെയിൽ അടിക്കാതിരിക്കാൻ തണൽ നൽകിയാൽ മതി. റബ്ബർ, കുരുമുളക്, തെങ്ങിൻതൈകൾ, മറ്റു വൃക്ഷത്തൈകൾ എന്നിവയ്ക്ക് ഈ പരിപാലനം നൽകണം

## തൊണ്ട് അടുക്കൽ

ദീർഘകാലം വെള്ളം സംഭരിച്ചു വയ്ക്കാൻ തൊണ്ട് അടുക്കൽ പ്രയോജനകരമായിരിക്കും. തെങ്ങിന് ചുറ്റും അര മീറ്റർ വീതിയിലും താഴ്ചയിലും ചാലുകൾ കീറി മൂന്നോ നാലോ അടുക്കുകളായി തൊണ്ടുകൾ മലർത്തിവെച്ച് മണ്ണിട്ട് മൂടുകയും ഏറ്റവും മുകളിലത്തെ അടുക്ക് കമിഴ്ത്തി വെച്ച് പൂർത്തിയാക്കുകയും ചെയ്യാം. വർഷങ്ങളോളം ഇതിന്റെ പ്രയോജനം നിലനിൽക്കും.

## നെല്ല്

- ജല ദൗർലഭ്യമുള്ള മേഖലയിൽ തുടർച്ചയായി വെള്ളം കെട്ടി നിർത്തുന്നതിന് പകരം വെള്ളം വറ്റി രണ്ടു ദിവസത്തിനകം ജലനിരപ്പ് നിലനിർത്തിയാൽ മതിയാകും.
- വിളവെടുക്കുന്നതിന് രണ്ടാഴ്ച മുമ്പ് വെള്ളം ഇറക്കി വിടുക.
- കളകൾ പൂർണമായി നിയന്ത്രിക്കുക
- പറിച്ചുനടുന്ന സമയത്ത് 1.5 സെന്റീമീറ്റർ ഉയരത്തിൽ മാത്രം വെള്ളം കെട്ടിനിർത്തിയാൽ മതിയാകും. ക്രമേണ ജലനിരപ്പ് ഉയർത്തി പരമാവധി ചിനപ്പ് പൊട്ടുന്ന സമയത്ത് 5 സെ. മീ വരെ എത്തിക്കുക.

## പൊതു നിർദേശങ്ങൾ

- ചെടികൾക്ക് വെള്ളം ക്യാപ്സൂൾ രൂപത്തിൽ

# വേനൽസംരക്ഷണം ക്ഷീരമേഖലയിൽ

- വേനൽക്കാലം മനുഷ്യർക്ക് എന്ന പോലെ തന്നെ മൃഗങ്ങൾക്കും അസഹനീയം തന്നെ. 10 ലിറ്റർ പാൽ തരുന്ന ഒരു പശുവിന് ഈ സമയത്ത് ശരാശരി 150 ലിറ്റർ വെള്ളം കുടിക്കാനായി ആവശ്യം വരും. ശുദ്ധജലം കിട്ടാതെ വരുന്നത് ഉൽപാദനശേഷിയെ ബാധിക്കും. ദഹനപ്രക്രിയ ഉൾപ്പെടെ പല പ്രവർത്തനങ്ങളെയും നിർജലീകരണം ബാധിക്കുമെന്നതി നാൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

- പശുക്കളെ രാവിലെ മാത്രം കുളിപ്പിക്കുവാൻ ശ്രദ്ധിക്കുക. പ്രഷർ വാഷ് ഉപയോഗിച്ച് കുളിപ്പിക്കുകയാണെങ്കിൽ ജലനഷ്ടം കുറയ്ക്കാം.

- പശുക്കളെ കടുത്ത വേനൽ സമയത്ത് തുറസ്സായ സ്ഥലങ്ങളിൽ കെട്ടുന്നത് ഒഴിവാക്കുക.തണലുള്ള സ്ഥലങ്ങളിൽ മാത്രം നിർത്തുക. അത്യാവശ്യമെങ്കിൽ വൈകുന്നേരങ്ങളിൽ പുറത്ത് കെട്ടുക.

- കാലിത്തീറ്റ രാവിലെയും സന്ധ്യയ്ക്കും മാത്രമായി ഒതുക്കുക. പകൽ സമയത്ത് ജലാംശം കൂടുതലുള്ള പച്ചപ്പുല്ല്, വാഴയുടെ അവശിഷ്ടങ്ങൾ,ചക്ക തുടങ്ങിയവ നൽകുക.

- അന്നജം, മാംസ്യം എന്നിവ കൂടുതൽ അടങ്ങിയ ഒരു മിശ്രിതമാണ് തീറ്റയിൽ ഈ സമയം നൽകേണ്ടത്.

- സൂര്യാഘാതവുമായി ബന്ധപ്പെട്ട എന്തെങ്കിലും ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

- തൊഴുത്തിനോട് ചേർന്ന് പെട്ടെന്ന് വളരുന്ന തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് അഭികാമ്യം.

- കുടിക്കുന്നതിന് ശുദ്ധജല ലഭ്യത ഉറപ്പാക്കണം. തൊഴുത്തുകളിൽ ഓട്ടോമാറ്റിക് ഡ്രിങ്കറുകൾ ക്രമീകരിക്കാവുന്നതാണ്.

- തൊഴുത്തിൽ വായുസഞ്ചാരം ഉറപ്പാക്കണം. ചുറ്റമതിലുകൾ ഇല്ലാത്ത ഉയർന്ന മേൽക്കൂരയുള്ള തൊഴുത്തുകളാണ് നിർമ്മിക്കേണ്ടത്. തൊഴുത്തിന്റെ മധ്യഭാഗത്ത് 12 അടി എങ്കിലും ഉയരം വേണം.

- മേൽക്കൂര ഷീറ്റ് ആണെങ്കിൽ ചൂട് കുറയ്ക്കാനായി ഷീറ്റിനു മുകളിൽ ഓലയോ വൈക്കോലോ വിരിക്കാം. ഷീറ്റിന് അടിവശത്തായി അകത്ത് നെറ്റ് ഉപയോഗിച്ച് അടിക്കൂര നിർമ്മിക്കാം.

- തീറ്റപ്പുൽ ക്ഷാമം മുൻകൂട്ടി കണ്ട് സൈലേജ് നിർമ്മാണം നടത്തേണ്ടതാണ്.

- പരാദജീവികളായ ചെള്ള്, ഉണ്ണി എന്നിവ വേനൽസമയത്ത് കൂടുവാനും രോഗങ്ങൾ പരത്താനും സാധ്യതയുള്ളതിനാൽ മുൻകരുതലുകൾ എടുക്കുക.

- ഫാമുകൾക്കടുത്ത് മഴവെള്ള സംഭരണി/ കിണർ റീചാർജിങ് സംവിധാനം എന്നിവ നിർമ്മിക്കുന്നത് ജലലഭ്യത ഉറപ്പുവരുത്തും.

- മണ്ണിലെ ജലാംശം സംഭരിച്ചുവെച്ച് വരൾച്ച അനുഭവപ്പെടുന്ന ഘട്ടങ്ങളിൽ ചെടികളുടെ വേരുപടലങ്ങളിൽ നൽകുന്ന സംവിധാനമാണ് ഹൈഡ്രോജൽ എന്ന ക്യാപ്സ്യൂൾ നിർവഹിക്കുന്നത്. ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രമാണ് ഈ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. വിത്ത് /തൈകൾ നടുന്നതിനോടൊപ്പം 5- 10ഗ്രാം ഹൈഡ്രോജെൽ പൊടി രൂപത്തിൽ / ക്യാപ്സ്യൂൾ രൂപത്തിൽ ഉള്ളത് മണ്ണിൽ ചേർത്ത് കൊടുക്കാം. പട്ടാമ്പിയിലെ കൃഷിവിജ്ഞാനകേന്ദ്രം വഴി ഇത് ലഭിക്കും

## വരൾച്ചക്കെതിരെ ഇൻഷുറൻസ് പരിരക്ഷയും

- വരൾച്ച ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ കാരണം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി കാർഷിക വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായി മുഴുവൻ കാർഷികവിളകളെയും കർഷകർ ഇൻഷ്വർ ചെയ്യേണ്ടതാണ്.

## വേണം വിളകൾക്ക് പ്രത്യേക പോഷണം

- ജല ദൗർലഭ്യ സമ്മർദത്താൽ ഉണ്ടാകുന്ന പോഷക മൂലകങ്ങളുടെ അസന്തുലിതാവസ്ഥ തരണം ചെയ്യുന്നതിനായി താഴെപ്പറയുന്ന മൂലകങ്ങൾ നിർണായക വളർച്ചഘട്ടങ്ങളിൽ ഇലകളിൽ തളിക്കുന്നത് നല്ലതാണ്.

- (1) 2% ശതമാനം വീര്യത്തിൽ ഡൈ അമോണിയം ഫോസ്ഫേറ്റ്.

- (2) 1 ശതമാനം വീര്യത്തിൽ സൾഫേറ്റ് ഓഫ് പൊട്ടാഷ് അല്ലെങ്കിൽ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്.

- (3) 0.5% സിങ്ക് സൾഫേറ്റ് + 0.3% ബോറിക് ആസിഡ്+ 0.5% ഫെറസ് സൾഫേറ്റ് + 1% യൂറിയ മിശ്രിതം നിർണ്ണായക ഘട്ടങ്ങളിൽ ഇലകളിൽ തളിക്കുക.

## സ്വയം നിയന്ത്രിത ജലസേചന രീതികൾ

ടെറസ് കൃഷി ചെയ്യുന്ന വീടുകളിൽ സാധാരണ രീതിയിലുള്ള ജലസേചനം കാരണം ഉണ്ടാവുന്ന ജലനഷ്ടം ഏകദേശം 60 ശതമാനം വരെയാണ് . ഇത് തടയുന്നതിനായും ജലത്തിന്റെ ഉപയോഗശേഷി വർധിപ്പിക്കുന്നതിനായും ആധുനിക രീതിയിലുള്ള ഓട്ടോമാറ്റിക് ഡ്രിപ് സിസ്റ്റം ഉപയോഗിക്കാവുന്നതാണ്. പച്ചക്കറിവിളകൾക്ക് ഒരു ദിവസം ആവശ്യമായ ജലം മാത്രം ഡ്രിപ് സംവിധാനത്തിലൂടെ ചെടികളുടെ വേര് പടലത്തിലേക്ക് നൽകുന്നതാണ് രീതി. ജലസേചന ഇടവേളകൾ ടൈമറിൽ ക്രമീകരിച്ച് തവണകളായി ജലസേചനം നൽകാവുന്നതാണ്. തിരുവനന്തപുരം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ വിദഗ്ധ പരിശീലനം പൂർത്തിയാക്കിയ ടെക്നീഷ്യന്മാർ ഈ ജലസേചന സിസ്റ്റം ടെറസ് കൃഷിയുടെ ഡിസൈനിങ് അനുസരിച്ച് ഇൻസ്റ്റാൾ ചെയ്തു നൽകും. 50 ചാക്ക് പച്ചക്കറികൃഷിക്ക് ഓട്ടോമാറ്റിക് ഡ്രിപ് സിസ്റ്റം ചെയ്യുന്നതിന്റെ ഏകദേശം ചെലവ് 4500 രൂപയാണ്.■

# അമൂല്യമാണ് ജലസമ്പത്ത്

ഈ വേനലിൽ നമ്മുടെ വീട്ടിൽ ഒരു തുള്ളി വെള്ളവും പാഴാകുന്നില്ലെന്ന് ഉറപ്പാക്കാൻ ജാഗ്രത പാലിക്കാം

## പല്ലുതേക്കുമ്പോൾ മഗ്ഗ് മതി

പല്ലുതേക്കുന്നതിനും ഷേവ് ചെയ്യുന്നതിനും കൈ കഴുകുന്നതിനും ടാപ്പിൽനിന്നും നേരിട്ട് വെള്ളം ഉപയോഗിക്കുന്നതിന് പകരം മഗ്ഗിലോ ഗ്ലാസിലോ വെള്ളം പിടിച്ച് ഉപയോഗിക്കാം.

### ശരാശരി ഉപഭോഗം

പല്ലുതേപ്പ്/ ഷേവ് ചെയ്യൽ

ടാപ്പ് തുറന്നിട്ടാൽ: 30 ലിറ്റർ

മഗ്ഗ്: 1 ലിറ്റർ വരെ



# കരുതലോടെ ഉപയോഗം

## ഷവറിലെ കുളി ഒഴിവാക്കാം



കുളി

ശരാശരി ജല ഉപഭോഗം : ഷവർ (അഞ്ച് മിനിറ്റ്) 50 ലിറ്റർ

ബക്കറ്റ് 20 ലിറ്റർ

## കാറും നിലവും കഴുകാൻ

കാറ് കഴുകൽ, അടുക്കളത്തോട്ടം നനയ്ക്കൽ, നിലം കഴുകൽ എന്നിവയ്ക്ക് ഹോസിന് പകരം ബക്കറ്റ് ഉപയോഗിക്കാം. ഹോസ് വേണ്ട

**ശരാശരി ഉപഭോഗം**

ചെടി നനയ്ക്കാൻ  ഹോസ് -(5 മിനിറ്റ്) 50 ലിറ്റർ

വാട്ടറിങ് കാൻ -അഞ്ച് ലിറ്റർ

കാർ കഴുകാൻ  ഹോസ് (10 മിനിറ്റ്) 100 ലിറ്റർ

ബക്കറ്റ് 20 ലിറ്റർ

നിലം കഴുകൽ

(150-200 ച.മീ.)

ഹോസ് 200 ലിറ്റർ

ബക്കറ്റ് 15 ലിറ്റർ





# പാത്രം കഴുകിയ വെള്ളം പാഴാക്കല്ലേ

പാത്രങ്ങളും മറ്റും കഴുകിയ വെള്ളം അടുക്കളത്തോട്ടം നനയ്ക്കാൻ ഉപയോഗിക്കാം.

വളവുമായി ജലസംരക്ഷണവുമായി.

# ചോർച്ച കണ്ടെത്തി തടയാം

ടാപ്പ്, ഫ്ളഷ്, ഷവർ തുടങ്ങിയവയിലൂടെ വെള്ളം ചോരുന്നത് പലപ്പൊഴും ശ്രദ്ധയിൽപ്പെടാതെ പോവും. അതുവഴിയുണ്ടാവുന്ന ജലനഷ്ടം ചില്ലറയല്ല.

ഫ്ളഷ് ചെയ്യുമ്പോൾ അനാവശ്യമായി ഒഴുകി പോകുന്ന ജലം എത്രയെന്നറിയാമോ? പഴയതരം ഫ്ളഷിൽ ഓരോ തവണയും 10-13 ലിറ്റർ വെള്ളമാണ് നഷ്ടമാവുന്നത്.

നിയന്ത്രിതമായി ഫ്ളഷ് ഉപയോഗിച്ചാൽ ശരാശരി അഞ്ച് ലിറ്റർ വെള്ളം മതിയാകും.

# ജലസ്രോതസ്സുകൾ വീണ്ടെടുക്കാം

പരിസരത്തുള്ള ജലസ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിക്കേണ്ടത് നമ്മുടെ കൂടി കടമയാണ്.

മേൽപറഞ്ഞ ജലസംരക്ഷണ മാർഗങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ വീട്ടിലെ ജലസംരക്ഷണ ശീലങ്ങളെ വിലയിരുത്താവുന്നതാണ്. ആലോചിച്ചു നോക്കൂ..

1. കിണർ പമ്പ് ചെയ്യുന്നുണ്ടെങ്കിൽ ആവശ്യത്തിനു മാത്രമായി പല പ്രാവശ്യമായാണോ പമ്പ് ചെയ്യാറുള്ളത്?
2. വീട്ടിലെ ടോയ്‌ലറ്റ് ഫ്ളഷ്, മറ്റു പൈപ്പുകൾ തുടങ്ങിയവ ലീക്ക് ചെയ്യുന്നില്ല എന്ന് ഉറപ്പു വരുത്താറുണ്ടോ?
3. വീട്ടിലെ ഓരോ അംഗവും ജലവിനിയോഗം കുറയ്ക്കുന്നതിൽ നിഷ്കർഷ പുലർത്തുന്നുണ്ടോ എന്ന് ശ്രദ്ധിക്കാറുണ്ടോ?
4. കുളിമുറിയിൽ നിന്നും അടുക്കളയിൽ നിന്നും പാഴ്ജലം ഒഴുക്കി കളയാതെ കൃഷിക്കോ ചെടി നനയ്ക്കുന്നതിനോ മണ്ണിലേക്ക് റീചാർജ് ചെയ്യാനോ ഉപയോഗപ്പെടുത്താറുണ്ടോ?
5. വീടിനു സമീപമുള്ള പൊതുകിണറുകളോ പൊതുകുളങ്ങളോ വൃത്തിയായി സൂക്ഷിക്കുന്നതിനും യുക്തിസഹമായി ഉപയോഗപ്പെടുത്തുന്നതിനും ശ്രമിച്ചിട്ടുണ്ടോ?
6. വീട്ടിലെ അംഗങ്ങളെല്ലാം ഒന്നിച്ചിരുന്നു വെള്ളത്തിന്റെ പാഴ്ചെലവ് കുറയ്ക്കാൻ എന്തെല്ലാം ചെയ്യണം എന്ന് ആലോചിട്ടുണ്ടോ?

**അവലംബം: ഹരിതകേരളം മിഷൻ**

**വര: വി.എസ്. പ്രകാശ്**



# അവധിക്കാലം ഡിജിറ്റൽ ലോകത്ത് തളച്ചിടേണ്ട

**അവധിക്കാലത്തെ കുട്ടികളുടെ മൊബൈൽ ഉപയോഗം നിയന്ത്രിക്കാം. പകരം ക്രിയാത്മകമായി ഈ ദിനങ്ങൾ ഉപയോഗിക്കാൻ പരിശീലിപ്പിക്കാം**




അവധിക്കാലം വരവായതോടെ കുട്ടികൾ ആഘോഷത്തിമിർപ്പിലാണ്. ഒരു വർഷം നീണ്ടുനിന്ന പഠനവും പരീക്ഷയുമൊക്കെ കഴിഞ്ഞ് സ്വതന്ത്രമായി ജീവിക്കാൻ അവർക്ക് അവസരം കിട്ടുന്ന രണ്ടുമാസം. .പലപ്പോഴും പുറത്തിറങ്ങിപ്പോയി കൂട്ടുകാരോട് കളിക്കുന്ന ഒരു ബാല്യകാലത്തിൽനിന്നും കൂടുതൽ സമയം വീട്ടിനുള്ളിൽ ഇരുന്ന് മൊബൈൽ ഫോൺ അടക്കമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ഓൺലൈൻ കളികളിൽ അഭിരമിക്കുന്ന ബാല്യമാണ് ഇന്ന് ഒട്ടേറെ വീടുകളിൽ കാണാൻ കഴിയുന്നത്. ദീർഘനേരം മൊബൈൽ അടക്കമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് മൂലം ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഈ കാലഘട്ടത്തിലെ മാതാപിതാക്കൾക്ക് ഉണ്ടാകേണ്ടത് അനിവാര്യമാണ്.

കോവിഡുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലം കുട്ടികളുടെ ജീവിതത്തിൽ വല്ലാത്ത മാറ്റങ്ങളാണ് സൃഷ്ടിച്ചത്. മൊബൈൽ ഫോൺ എല്ലാ വീടുകളിലെയും കുട്ടികളുടെ ദിനചര്യയുടെ ഭാഗമായി മാറി. ലോക്ഡൗൺ കഴിഞ്ഞിട്ടും മൊബൈൽ ഫോൺ പൂർണ്ണമായി ഉപേക്ഷിക്കാൻ കഴിയാത്ത സ്ഥിതി കുട്ടികളുടെ ജീവിതത്തിലുണ്ടായി. വിജ്ഞാനശേഖരണത്തിനും വിജ്ഞാനവിനിമയത്തിനും ഏറ്റവും നല്ല മാർഗമാണ് ഡിജിറ്റൽ ഉപകരണങ്ങൾ. എങ്കിലും ഒട്ടേറെ പാർശ്വഫലങ്ങളും അവയുടെ ദുരുപയോഗം സൃഷ്ടിക്കും.

## അക്ഷമയേറി; എടുത്തുചാട്ടവും

ഈ ഡിജിറ്റൽ ഉപകരണങ്ങളുടെ കടന്നുവരവ്, മനുഷ്യസ്വഭാവത്തിൽ ഉണ്ടാക്കിയ അടിസ്ഥാനപരമായ വ്യത്യാസം മനുഷ്യൻ എടുത്തുചാട്ടവും അക്ഷമയും കൂടുതലുള്ള ഒരു ജീവിയായി മാറി എന്നതാണ്. 30 വർഷത്തിന് മുൻപ് ഒരു കൗമാരപ്രായക്കാരന് സിനിമ കാണണമെന്ന് മോഹം ഉദിച്ചാൽ അയാൾ തിയേറ്ററിൽ പോയി ക്യൂ നിന്ന് ടിക്കറ്റ് എടുക്കുകയോ റിസർവ് ചെയ്യുകയോ ചെയ്യേണ്ടിയിരുന്നു. ഇഷ്ടമുള്ള ഹോട്ടലിൽനിന്ന് ഭക്ഷണം കഴിക്കണമെന്ന് തോന്നിയാൽ, ആ ഹോട്ടലിൽ പോയി കാത്തുനിന്ന് സീറ്റ് പിടിച്ച് ഭക്ഷണം ഓർഡർ ചെയ്യേണ്ടിയിരുന്നു. ആരോടെങ്കിലും പ്രണയം തോന്നിയാൽ പോലും ഏതെങ്കിലും ദൂതൻ മുഖേന ഒരു കത്ത് കൊടുത്തിട്ട് മറുപടിക്ക് കാത്തിരിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നു. സ്വാഭാവികമായും ഒരു ആഗ്രഹം തോന്നുന്നതിനും അത് സഫലമാകുന്നതിനും തമ്മിൽ ഒരു ഇടവേള ഉണ്ടായിരുന്നു. ഈ ഇടവേളകൊണ്ട് ആഗ്രഹം സഫലമാകാനോ സഫലമാകാതിരിക്കാനോ ഉള്ള സാധ്യതയുണ്ട് എന്ന യാഥാർഥ്യവുമായി പാകപ്പെടാൻ നമ്മുടെ മനസ്സിന് കഴിഞ്ഞിരുന്നു. ആഗ്രഹം സഫലമാകാതെ വന്നാൽപോലും എടുത്തുചാടിയുള്ള പ്രതികരണങ്ങൾ താരതമ്യേന കുറവായിരുന്നു. എന്നാൽ ഇന്ന് മേൽസൂചിപ്പിച്ച സകല ആഗ്രഹങ്ങളും ഒരു മൊബൈൽ ഫോണിൽ ഏതാനും ക്ലിക്കുകൾ നിർവഹിച്ചാൽ ഉടനടി സാധ്യമാകുന്ന അന്തരീക്ഷത്തിലാണ് നാം ജീവിക്കുന്നത്. അതിനാൽതന്നെ ഒരു ആഗ്രഹം തോന്നുന്നതും അത് പൂർത്തീകരിക്കപ്പെടുന്നതും തമ്മിൽ ഇടവേള ഇല്ലാതായിരിക്കുന്നു.




ആഗ്രഹം സഫലമാകാതിരിക്കാൻ സാധ്യതയുണ്ട് എന്ന് ന്യായമായ സാധ്യത മനസ്സിൽ ആലോചിക്കാനുള്ള സമയം ഇല്ലാതെയാവുന്നു. ആഗ്രഹം സഫലമാകാതെ വരുമ്പോൾ എടുത്തുചാടിയുള്ള പ്രതികരണങ്ങൾ വ്യാപകമാവുന്നു. മൊബൈൽ ഫോൺ കളിക്കാൻ കൊടുക്കാത്തതുകൊണ്ട് കൗമാരപ്രായക്കാരൻ ആത്മഹത്യ ചെയ്തു എന്ന വാർത്ത മാധ്യമങ്ങളിൽ പുതുമയല്ല. പ്രണയം നിഷേധിക്കപ്പെട്ട പ്രണയിനിയെ ആസിഡ് ഒഴിക്കുന്നതും കുത്തിക്കൊല്ലുന്നതും ഒട്ടും ഞെട്ടൽ ഉളവാക്കാത്ത സംഗതിയായി മാറിക്കഴിഞ്ഞു.

## മൊബൈൽ അടിമത്തം അമിതമാവുമ്പോൾ

മൊബൈലിന്റെ അമിത ഉപയോഗം പലപ്പോഴും സ്വഭാവസംബന്ധമായ അടിമത്തം എന്ന പ്രശ്നത്തിലേക്ക് നീങ്ങാറുണ്ട്. മൊബൈൽ ഫോൺ ഉപയോഗിക്കാൻ പറ്റാതെ വരുന്ന സാഹചര്യത്തിൽ അമിതദേഷ്യം, ഉറക്കമില്ലായ്മ, ആത്മഹത്യാപ്രവണത, അക്രമവാസന തുടങ്ങിയ ലക്ഷണങ്ങൾ പ്രകടമാകുന്ന സാഹചര്യമാണ് ഇത്. മൊബൈലിലെ ഓൺലൈൻ ഗെയിമുകളും ചാറ്റുകളും വീഡിയോകളും ഒക്കെ ഇതേപോലെ അടിമത്തം സൃഷ്ടിക്കാൻ പ്രാപ്തമാണ്. സാമൂഹികമാധ്യമങ്ങളിലൂടെയുള്ള ബന്ധങ്ങളും ചിലപ്പോഴെങ്കിലും കുട്ടികളെ അപകടവഴികളിലേക്ക് നയിക്കുന്നതായി കണ്ടുവരുന്നു. മൊബൈൽ ദീർഘനേരം ഉപയോഗിക്കുന്ന കുട്ടികൾക്ക് ഉറക്കം നഷ്ടപ്പെടുന്നതും സാധാരണയാണ്. രാത്രിയിൽ ഉറങ്ങാതെ ദീർഘനേരം മൊബൈൽ ഉപയോഗിക്കുന്ന കുട്ടികൾക്ക് പകൽസമയം മാന്ദ്യം, ക്ഷീണം, ശ്രദ്ധക്കുറവ് തുടങ്ങിയവ ഉണ്ടാകാൻ സാധ്യത ഏറെയാണ്. രാത്രിയിൽ ആറുമണിക്കൂർ നേരമെങ്കിലും തുടർച്ചയായി ഉറക്കം കിട്ടിയാൽ മാത്രമേ പകൽ സമയത്ത് വായിക്കുകയോ പഠിക്കുകയോ ചെയ്യുന്ന കാര്യങ്ങൾ തലച്ചോറിൽ കൃത്യമായി അടുക്കി വയ്ക്കപ്പെടുന്നുള്ളൂ. രാത്രിയിൽ ആറുമണിക്കൂറെങ്കിലും തുടർച്ചയായി ഉറക്കം ഉണ്ടായാൽ മാത്രമേ പകൽ സമയത്ത് തലച്ചോറിലെ കോശങ്ങളിൽ നടക്കുന്ന ചയാപചയ പ്രവർത്തനങ്ങളുടെ ഫലമായി ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ തലച്ചോറിൽ നിന്ന് പുറന്തള്ളപ്പെടൂ. ആറുമണിക്കൂർ ഉറക്കം കിട്ടാതെ വരുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ നടക്കാത്തത് മൂലം ഓർമ്മക്കുറവ്, ശ്രദ്ധക്കുറവ്, തളർച്ച, മാന്ദ്യം തുടങ്ങിയവ സർവസാധാരണമാണ്. ഇത്തരത്തിൽ ദീർഘനേരം മൊബൈൽ ഉപയോഗിക്കുന്നതുമൂലം ഉറക്കം നഷ്ടപ്പെടുന്ന കുട്ടികളിൽ വിഷാദരോഗം, അമിത ഉത്കണ്ഠ,



അക്രമവാസന, ആത്മഹത്യാപ്രവണത എന്നിവയും കൂടുതലായി കണ്ടുവരുന്നു. പലപ്പോഴും ദീർഘനേരം ചടുലമായ ദൃശ്യങ്ങളാൽ സമൃദ്ധമായ വീഡിയോ ഗെയിമുകൾ കളിക്കുന്ന കുട്ടികളുടെ പെരുമാറ്റത്തിൽ വല്ലാത്ത വ്യത്യാസങ്ങൾ ഉണ്ടാകുന്നതായി കാണാറുണ്ട്. ഇത്തരം കുട്ടികളിൽ അമിതവികൃതി, എടുത്തുചാട്ടസ്വഭാവം, അക്രമം, അമിത ദേഷ്യം, ശ്രദ്ധക്കുറവ് എന്നിവ വളരെ വ്യാപകമാണ്. പലപ്പോഴും മുതിർന്നവരുടെ നിരീക്ഷണം ഇല്ലാതെ ഓൺലൈനിൽ വ്യാപരിക്കുന്ന കുട്ടികൾ ലഹരിവസ്തുക്കൾ വാങ്ങാനും ഉപയോഗിക്കപ്പെടുന്നുണ്ട്. മാതാപിതാക്കൾ സ്വകാര്യ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന മൊബൈൽ ഫോൺ കുട്ടികളുമായി പങ്കുവയ്ക്കുന്നത് കഴിയുന്നതും ഒഴിവാക്കുന്നതാണ് നല്ലത്. മുതിർന്നവർ മാത്രം കാണാൻ സാധ്യതയുള്ള രംഗങ്ങളുള്ള വീഡിയോകളും മറ്റും കുട്ടികൾ ഉപയോഗിക്കാനും അത് അവരുടെ സ്വഭാവത്തിൽ വ്യത്യാസങ്ങൾ സൃഷ്ടിക്കാനും ഇതു കാരണമായേക്കാം.

## കളിക്കാം നേടാം നിപുണതകൾ

അവധിക്കാലം ഡിജിറ്റൽ മായാലോകത്ത് പാഴാക്കികളയാതെ എന്തെങ്കിലുമൊക്കെ പുതിയ നിപുണതകൾ പരിശീലിപ്പിക്കാൻ ഉപയോഗിക്കാം രാവിലെ ഉണർന്ന ഉടൻതന്നെ രണ്ടുമണിക്കൂർ നേരമെങ്കിലും സൂര്യപ്രകാശം കൊണ്ടുള്ള കായികവ്യായാമം ചെയ്യാൻ കുട്ടികളെ പ്രേരിപ്പിക്കാം അവർക്ക് ഇഷ്ടമുള്ള കായികവ്യായാമം തെരഞ്ഞെടുക്കാൻ അവർക്ക് അവസരം നൽകാം. അത് സ്വന്തം നിലയ്ക്ക് കൂട്ടുകാരോടൊപ്പം കളിക്കുകയാണോ ഏതെങ്കിലും പരിശീലനകേന്ദ്രത്തിൽ ചെലവഴിക്കലാണോ എന്നത് അവരുടെ സ്വാതന്ത്ര്യത്തിന് വിട്ടുകൊടുക്കാം. വീട്ടിൽ മടങ്ങിയെത്തിയ ശേഷം അന്നത്തെ ദിനപത്രങ്ങൾ വായിക്കുക വഴി ലോകത്ത് നടക്കുന്ന പ്രധാന സംഭവവികാസങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കാം. ആഴ്ചയിൽ ഒരു പുസ്തകം എങ്കിലും വായിച്ചുതീർക്കാൻ കുട്ടികളെ പ്രേരിപ്പിക്കാം. ദിവസേന മൂന്ന് പുതിയ വാക്കുകൾ എങ്കിലും പഠിക്കാനും അവയുടെ അർഥവും പ്രയോഗവും മനസ്സിലാക്കാനും കുട്ടികളെ പ്രോത്സാഹിപ്പിക്കാം ഒരു ദിവസം എന്തൊക്കെ കാര്യങ്ങൾ പഠിച്ചു. മനസ്സിലാക്കി, വായിച്ചു, അനുഭവിച്ചു എന്നത് ചർച്ച ചെയ്യാനായി ദിവസേന വൈകുന്നേരം അരമണിക്കൂർ നീക്കി വയ്ക്കാം. ഈ സമയത്ത് കുട്ടികൾക്ക് ഉണ്ടായ അനുഭവങ്ങൾ ഒരു നല്ല ശ്രോതാവായി കേൾക്കാൻ മാതാപിതാക്കൾ തയ്യാറാകണം. ഇതുവഴി കുട്ടികളുടെ ആശയവിനിമയശേഷി മെച്ചപ്പെടുക മാത്രമല്ല കുട്ടികളുടെ ജീവിതത്തിൽ ഉണ്ടാകുന്ന അനാരോഗ്യകരമായ എന്തെങ്കിലും പ്രവണതകൾ തുടക്കത്തിൽ തന്നെ മനസ്സിലാക്കാനും ഫലപ്രദമായി ഇടപെടാനും മാതാപിതാക്കൾക്ക് സാധിക്കുന്നു. വ്യായാമം കൃത്യമായി ചെയ്യുക വഴി തലച്ചോറിലെ ഡോപമിൻ,എൻഡോർഫിൻ തുടങ്ങിയ രാസവസ്തുക്കളുടെ അളവ് കൂടും, ഏകാഗ്രതയും ഊർജവും വർധിക്കും. സൂര്യപ്രകാശം നിരന്തരം കൊള്ളുന്നത് രക്തത്തിലെ വൈറ്റമിൻ ഡിയുടെ അളവ് കൂട്ടുകയും രോഗപ്രതിരോധശേഷി മെച്ചപ്പെടുത്തുകയും ചെയ്യുന്നു.■

> **അവധിക്കാലം ഡിജിറ്റൽ മായാലോകത്ത് പാഴാക്കികളയാതെ എന്തെങ്കിലുമൊക്കെ പുതിയ നിപുണതകൾ പരിശീലിപ്പിക്കാൻ ഉപയോഗിക്കാം**

**തിരുവനന്തപുരം, മെഡിക്കൽ കോളജ് സൈക്യാട്രി വിഭാഗം പ്രൊഫസറും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിലെ ഓണററി കൺസൽട്ടൻസ് സൈക്യാട്രിസ്റ്റുമാണ് ലേഖകൻ**
arunb.nair@yahoo.com

ചരിത്രം >> ഡോ. ശിവദാസൻ. പി

പ്രൊഫസർ, ചരിത്ര വിഭാഗം, കോഴിക്കോട് സർവകലാശാല

# നവകേരളത്തിന്റെ വഴികാട്ടി

**കേരളത്തിലെ സ്വാതന്ത്ര്യസമരത്തിന്റെ വിശേഷസ്വഭാവത്തെയാണ് നൂറാണ്ട് പിന്നിട്ട വൈക്കം സത്യഗ്രഹം (1924) വെളിപ്പെടുത്തിയത്. സമൂഹത്തിലെ അടിസ്ഥാന വർഗത്തിന് സ്വാതന്ത്ര്യം അനുഭവവേദ്യമാകാതെ നാമെങ്ങനെ സ്വതന്ത്രരാകും എന്ന ഉയർന്ന ചിന്തയും ഈ സമരം മുന്നോട്ടുവച്ചു**




വൈക്കം സത്യഗ്രഹസ്മാരകം, വൈക്കം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ കേരളത്തിന്റെ പങ്ക് വേറിട്ടതും ആഴമേറിയതുമാണ്. നൂറ് ആണ്ടുകൾ പൂർത്തിയാക്കുന്ന വൈക്കം സത്യഗ്രഹം മാത്രം മതി ഇത് തെളിയിക്കുവാൻ. സാമ്പ്രദായിക ചരിത്രരചനകളിൽ സ്ഥാനം പിടിക്കാതെ പോയ നിരവധി മനുഷ്യരുടെകൂടി ഐതിഹാസികമുന്നേറ്റമായിരുന്നു ഈ സമരം. പുരോഗമനമൂല്യങ്ങൾക്കായുള്ള ഈ പ്രക്ഷോഭത്തെത്തുടർന്ന് നിരവധിപേർ തുറുങ്കിലടയ്ക്കപ്പെട്ടു. വഴി തടസ്സപ്പെടുത്തുന്നു, അനാവശ്യമായി ശബ്ദകോലാഹലമുണ്ടാക്കുന്നു

തുടങ്ങിയവയായിരുന്നു പോലീസ് സമരത്തിനെതിരെ ഉന്നയിച്ച ആദ്യ ആരോപണങ്ങൾ. ഇതുതന്നെയായിരുന്നു വൈക്കം പ്രക്ഷോഭത്തിന്റെ ശക്തിയും. സമരത്തെ സംരക്ഷിച്ചും പിന്തുണച്ചും വൈക്കത്തെത്തിയ ജനസാഗരം നിലകൊണ്ടതോടെ നൂറ്റാണ്ടുകളായി വേരുപിടിച്ചിറങ്ങിയ ജാതിമതവിശ്വാസങ്ങൾ നവസമൂഹത്തിനായി വഴിമാറിക്കൊടുക്കേണ്ടിവന്നു.

വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡിൽക്കൂടി വഴിനടക്കുവാൻ ഇതരമതസ്ഥർക്കും നാൽക്കാലികൾക്കും സാധ്യമായിരുന്നപ്പോൾ ഹിന്ദുസമുദായത്തിലെ അവർണ്ണരെന്നു മുദ്രകുത്തപ്പെട്ടവർക്കുമാത്രം നിരോധനമുണ്ടായിരുന്നു. അക്കാലംവരെയും ഇന്ത്യൻ



ശ്രീ നാരായണ ഗുരു

സ്വാതന്ത്ര്യസമരപഥത്തിൽ കേട്ടുകേൾവിയില്ലാത്ത പാർശ്വവൽക്കരിക്കപ്പെട്ടവർക്കുവേണ്ടിയുള്ള പോരാട്ടമായിരുന്നു ഈ സമരം. 1865 ലെ തിരുവിതാംകൂർ നിയമപ്രകാരം പൊതുറോഡുകൾ എല്ലാമനുഷ്യർക്കും തുറന്നുകൊടുത്തിരുന്നുവെങ്കിലും കോട്ടയത്തെ ദിവാൻ പേഷ്കാർ 1924ൽ വൈക്കം ക്ഷേത്രറോഡിൽ പ്രവേശനനിരോധനം സംബന്ധിച്ച ബോർഡ് സ്ഥാപിച്ചതോടെയാണ് സമരത്തിനു കളമൊരുങ്ങിയത്.

മനുഷ്യരെ ജാതീയമായും മതപരമായും വേർതിരിക്കലുകൾക്ക് വിധേയമാക്കുന്ന സ്ഥിതി കൊടികുത്തിവാഴുന്ന ഘട്ടത്തിലാണ് വൈക്കത്ത് പുതിയ പോരാട്ടത്തിന് തുടക്കമിട്ടത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനുമതിയോടെ പുരോഗമന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച യുവാക്കളും പൊതുജനങ്ങളും നവസമൂഹം സൃഷ്ടിച്ചെടുക്കുന്നതിനു മുന്നിട്ടിറങ്ങിയാണ് സമരം വിജയിപ്പിച്ചെടുത്ത്. ഈ സമരമാണ് കേരളത്തിലെ ജാതിഭ്രാന്തിനെ പിടിച്ചുകെട്ടാമെന്നു തെളിയിച്ചത്. മഹാത്മാഗാന്ധിയുടെ അനുഗ്രഹത്തോടെ ടി കെ മാധവനും കെ. കേളപ്പനും കെ പി കേശവമേനോനും നയിച്ച വൈക്കം സമരത്തിൽ പുരോഗമനചിന്താഗതിക്കാരായ എല്ലാവരും അണിചേർന്നു. അറുനൂറ് ദിവസത്തിലധികംനീണ്ട ഈ പോരാട്ടത്തിൽ ഇ വി രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ തമിഴ്നാട്ടിലെ പുരോഗമനവാദികളും പഞ്ചാബിലെ അകാലികളും പങ്കെടുത്തു. വൈക്കം വീരറെന്നറിയപ്പെട്ട രാമസ്വാമി നായ്ക്കരെ തിരുവിതാംകൂറിൽ പ്രവേശിക്കുന്നതിനു മുമ്പേതന്നെ ഭരണകൂടം ജയിലിലടച്ചു. ഇന്ത്യയിലെ കോൺഗ്രസ് പ്രസ്ഥാനവും ഇതര സംഘടനകളും വൈക്കം സമരത്തെ അനുകൂലിച്ച് പ്രമേയങ്ങൾ പാസ്സാക്കി. ഇതോടെ ഇന്ത്യയാകെ അറിയപ്പെട്ട സുപ്രധാന സമരമായി വൈക്കത്തെ പ്രക്ഷോഭം.

## ജാതിക്കോട്ടയെ വിറപ്പിച്ച ജനക്കൂട്ടം

പ്രശസ്ത ചരിത്രകാരൻ ജോർജ് റൂഡ് ഫ്രഞ്ച് വിപ്ലവത്തെ യാഥാർഥ്യമാക്കിയ ജനക്കൂട്ടത്തെക്കുറിച്ച് പറയുന്നുണ്ട്. 1905 മുതൽ ഇന്ത്യയിൽ നടന്ന വിവിധ പോരാട്ടങ്ങളിൽ ജനക്കൂട്ടം ഒരു നിർണ്ണായക ഘടകമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. മലബാറിൽ നടന്ന ജില്ലാസമ്മേളനങ്ങളും മലബാർ കലാപവും ജനക്കൂട്ടത്തിന്റെ സാന്നിധ്യത്തിലും പിന്തുണയിലുമാണ് ശ്രദ്ധേയമായത്. വൈക്കം സമരം വിജയിപ്പിച്ചതും ഈ ജനക്കൂട്ടം തന്നെയാണ്.


തിരുവിതാംകൂറിലെ സർക്കാരിനെ ഞെട്ടിച്ചത് വൈക്കം സമരത്തിന്റെ വർധിച്ചുവരുന്ന ജനപിന്തുണയായിരുന്നുവെന്നു പോലീസ് രേഖകൾ പറയുന്നുണ്ട്. പി കേശവദേവ്, പി കൃഷ്ണപിള്ള, വൈക്കം മുഹമ്മദ് ബഷീർ തുടങ്ങിയവരെല്ലാം ഈ സമരത്തെ പിന്തുണച്ച ജനക്കൂട്ടത്തിൽപ്പെട്ടവരായിരുന്നു. സമരത്തിന്റെ പ്രചാരണം നടത്തിയിരുന്നവർ ചെണ്ടകൊട്ടി നാട് നീളെ സഞ്ചരിച്ച് വീടുവീടാന്തരം കയറിയിറങ്ങി. ചെണ്ടകൊട്ടി ഗ്രാമക്കവലകളിലെത്തിയ






വര: വി.എസ്. പ്രകാശ്

സത്യാഗ്രഹികൾക്ക് ഉൽപന്നങ്ങൾ നൽകിയും പിടിയരി നൽകിയും ജനങ്ങൾ പിന്തുണ നൽകി. ഈ പിന്തുണ അന്ധവിശ്വാസങ്ങൾക്കും അയിത്തത്തിനുമെതിരായ ജനസമ്മതിയായിരുന്നു. അവരെ അക്രമിക്കുകയെന്നത് ജാതിവെറിയന്മാരുടെ പതിവ് ശൈലിയായിരുന്നുവെന്ന് വി ടി ഇന്ദുചൂഡൻ പി കൃഷ്ണപിള്ളയെക്കുറിച്ചുള്ള സ്മരണയിൽ പറഞ്ഞിട്ടുണ്ട്. ചെണ്ട കുത്തിക്കീറുകയും സമരസേനാനിയെ ആക്രമിക്കുകയുംചെയ്ത സംഭവവും ഉണ്ടായി. വൈക്കത്ത് എത്തിച്ചേരാൻ സാധിക്കാത്തവർ നാട്ടിൻപുറങ്ങളിൽ ഭജനസംഘങ്ങൾ വഴി സമരപ്രചാരണം നടത്തിയെന്ന് പി എസ് വേലായുധൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ പറയുന്നു. ദേശീയപതാകയുമേന്തി വൈക്കത്തേക്ക് തീർഥയാത്രപോയി സ്വാതന്ത്ര്യസമരരംഗത്തേക്കിറങ്ങിയ നിരവധി പേർ കേരളത്തിലുണ്ടായിരുന്നു





**മന്നത്ത് പത്മനാഭൻ, പെരിയാർ**


പോലീസ് മർദനത്തെ വിലകല്പിക്കാതെ ജയിലിൽ പോകാൻ തയ്യാറായി മുന്നിട്ടിറങ്ങിയ ഈ സമരനേതാക്കളിലെ ധൈര്യമാണ് പിൽക്കാലപോരാട്ടങ്ങൾക്ക് വഴികാട്ടിയായത്.

## സംഘടിത ജനം ഒന്നിച്ചുപാടിയ സമരഗാനങ്ങൾ

സത്യഗ്രഹത്തെ ജനകീയമാക്കിയത് പുതിയ സമരതന്ത്രമായ സമരഗാനങ്ങളാണ്. കുറത്തിപ്പാട്ടുകൾ രൂപത്തിലും ഭക്തിഗാനങ്ങളുടെ മാതൃകയിലും നിരവധി മുദ്രാഗീതങ്ങൾ സമരപ്പന്തലിൽ ജനങ്ങൾ ഒന്നിച്ചുപാടി. പുരോഗമനകേരളത്തെ വാഴ്ത്തിയും, ജാതിപ്പിശാചിനെ കുറ്റപ്പെടുത്തിയും വെള്ളക്കാരന്റെ ഭരണത്തെയും സവർണ്ണക്രൂരതകളെയും വിമർശിച്ചും നിരവധിഗാനങ്ങൾ പൊതുമണ്ഡലത്തിൽ പ്രവേശിച്ചത്

ഇക്കാലത്താണ്. തമിഴ് സഹോദരൻമാർ തമിഴ് പാട്ടുകളുമായി സമരരംഗത്ത് നിറഞ്ഞുനിന്നു. 'വീട്ടിലുള്ള അനുജൻമാർക്ക് മച്ചിനകം കടന്നുകൂടാ' എന്ന ജാതിസമ്പ്രദായത്തെ കടന്നാക്രമിച്ചും ' നാട്ടിലുള്ള അന്യൻമാർക്ക് മച്ചിൽതന്നെ വസിച്ചീടാമോ' എന്ന് വിദേശഭരണത്തെ വിമർശിച്ചും സമരഗീതങ്ങൾ വൈക്കത്തെ ആവേശഭരിതമാക്കി.

ജനങ്ങൾ നാൾക്കുനാൾ സമരത്തിനു പിന്തുണ വർധിപ്പിക്കുന്നതിന് പ്രധാനകാരണം ആവേശംപകരുന്ന  സത്യഗ്രഹികൾ പാടുന്ന മുദ്രാഗീതങ്ങളാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പുരോഗമന സമൂഹം നിർമ്മിച്ചെടുക്കുവാനും രാജ്യത്തെ ജാതിക്കോമരങ്ങളിൽ നിന്നും ബ്രിട്ടീഷ് വാഴ്ചയിൽ നിന്നും മോചിപ്പിക്കുവാനും സമരരംഗത്തിറങ്ങുവാൻ ആഹ്വാനം ചെയ്യുന്ന തമിഴ് മലയാളം സമരഗാനങ്ങളായിരുന്നു ഇവ. വെള്ളക്കാരന്റെ ഭരണവും ബ്രാഹ്മണ അയ്യരുടെ വാഴ്ചയും ഇന്ത്യയെ ദരിദ്രമാക്കി എന്നും ദാദാബായിയും തിലകനും ഗോഖലേയും ആലി സഹോദരന്മാരും നെഹ്റുവും ഗാന്ധിയും രാജ്യത്തെ സ്വതന്ത്രമാക്കുമെന്നും ജനങ്ങൾ ഏറ്റുപാടി. 'ഞങ്ങളുടെ സാമീപ്യം അങ്ങയെ അശുദ്ധനാക്കുമോ തമ്പുരാനേ' എന്നു പാടിയ ജനക്കൂട്ടം അന്നേവരെ കണ്ടിട്ടില്ലാത്ത നവകേരളത്തെയാണ് സൃഷ്ടിച്ചത്. എഴുതിയതും ചൊല്ലിക്കൊടുത്തതുമായ സമരഗാനങ്ങൾ പ്രക്ഷോഭവേദിയെ ഊർജസ്വലമാക്കി. സുബ്രഹ്മണ്യഭാരതിയുടെ രചനകളും ഇക്കൂട്ടത്തിൽ നിറഞ്ഞു നിന്നു. ഗാന്ധിയെയും നൂൽനൂൽപ്പിനെയും ചർക്കയെയും വാഴ്ത്തി തമിഴ്നാട്ടുകാരായ സത്യഗ്രഹികൾ പാടിയ 'ആടുറാട്ടേ ചുഴന്റിട്ടു റാട്ടേ' എന്നു തുടങ്ങുന്ന ഗാനം ഏവരെയും ആവേശത്തിമിർപ്പിലാക്കിയെന്ന് പോലീസ് റിപ്പോർട്ട് ചെയ്തിരുന്നു. സമരഗാനങ്ങൾ രചിക്കുവാൻ പ്രത്യേക നേതൃത്വംനൽകിയ ശിവശൈലം എന്ന സത്യഗ്രഹിയെ പോലീസ് ജയിലിലടച്ചു.
അയിത്തത്തോടുള്ള എതിർപ്പു മാത്രമല്ല സാമ്രാജ്യത്വവിരോധവും ഈ മുദ്രാഗീതങ്ങളിൽ കാണാൻ കഴിയും. നിലനിൽക്കുന്ന വ്യവസ്ഥയെ മാറ്റിമറിക്കണമെന്നും മാനവരെല്ലാം ഒരുമയോടെയും ഐക്യത്തോടെയും കഴിയേണ്ടകാലം വന്നടുത്തിരിക്കുന്നുവെന്നും സമരഭടൻമാരും ജനങ്ങളും ഒന്നിച്ചുപാടി.



ടി കെ മാധവൻ

## പോലീസിനെ പ്രകോപിപ്പിച്ച ചർക്കയും നൂൽനൂൽപ്പും

വൈക്കത്തെ പ്രധാന സമരായുധം ദേശീയതയുടെ അടയാളമായ ചർക്കയായിരുന്നു. ആദ്യമായാണ് ചർക്കയും നൂൽനൂൽപ്പും സമരായുധമായി കേരളത്തിൽ പ്രയോഗിക്കപ്പെടുന്നത്. ചർക്ക സമരവേദിയിൽ സ്ഥാപിച്ചത് പോലീസിനെ പ്രകോപിപ്പിച്ചു. 'ഗാന്ധിദേവൻ നൽകിയ പുത്തൻ സമരായുധം' എന്ന് സമരഭടൻമാർ പാടിയ ചർക്ക നിരവധി തവണ പോലീസ് പിടിച്ചെടുക്കുകയും അത് സമരത്തിനുപകരുന്ന ഊർജത്തെ രഹസ്യാന്വേഷണ റിപ്പോർട്ടുകളിൽ വിശദീകരിക്കുകയും ചെയ്തു. ഒത്തുതീർപ്പിനെ തുടർന്ന് ഒരു ചർക്കമാത്രമേ പ്രദർശിപ്പിക്കൂ എന്നു സത്യഗ്രഹികൾ ഉറപ്പു നൽകി. അതേസമയം തന്നെ ദേശീയസമരത്തിന്റെ നിസ്വാർഥസേവനത്തിന്റെ അടയാളമായി ഖദർ വസ്ത്രം മാറി. ദേശീയ വസ്ത്രമായ ഖദർ ധരിച്ച് നിരവധി പേർ ഗ്രാമങ്ങളിൽ പ്രചരണം നയിച്ചു. അത്തരം വസ്ത്രസാരികളെ സവർണ്ണർ ശത്രുക്കളായി കൈയ്യേറ്റം ചെയ്തു. സ്വാതന്ത്ര്യസമരത്തിന്റെ അടയാളമായി ഖദർ മാറിയത് വൈക്കം സത്യഗ്രഹകാലത്താണ്.

**വൈക്കം സത്യഗ്രഹം ഐക്യകേരളത്തിന്റെ സമരമായിരുന്നു. ഹിന്ദുസമുദായ ത്തിലുള്ളവർ മാത്രമല്ല യഹൂദരടക്കമുള്ള നാനാജാതിമതസ്ഥർ ഈ പ്രക്ഷോഭത്തിൽ അണിചേർന്നു.**

## പത്രമാധ്യമങ്ങളുടെ പിന്തുണ

വൈക്കം സത്യഗ്രഹകാലത്തെ പുതിയ മുന്നേറ്റത്തിന് തുടക്കം കുറിച്ചത് പത്രമാധ്യമങ്ങളാണ്. സമരത്തെ അനുകൂലിക്കുന്ന നിലപാടാണ് എല്ലാ പത്രങ്ങളും കൈക്കൊണ്ടത്. സവർണ്ണപ്രതിഷേധങ്ങൾക്ക് ചെവികൊടുക്കുവാൻ പത്രങ്ങൾ തയ്യാറായില്ല. സമരവാർത്തകൾക്കും സത്യഗ്രഹനേതാക്കളുടെ മൊഴികൾക്കും അതീവ പ്രാധാന്യമാണ് പത്രങ്ങൾ നൽകിയത്. പത്രങ്ങൾ സവർണ്ണവിരോധം പ്രോത്സാഹിപ്പിക്കുകയാണെന്നും മതവിശ്വാസങ്ങൾ തകർക്കുവാൻ കൂട്ടുനിൽക്കുകയാണെന്നും പോലീസ് രഹസ്യാന്വേഷണ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. ഇതിനെ എതിർക്കുന്നതിന് സർക്കാർ മേൽനോട്ടത്തിൽ മേൽജാതിക്കാരെന്നുപറയുന്നവർ ഒത്തുചേർന്ന്  എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും പ്രസിദ്ധീകരിക്കുന്ന 'ധർമ്മ പ്രസ്ഥാനം' എന്ന പത്രം തുടങ്ങുകയുണ്ടായി. ദേശീയ പ്രസ്ഥാനത്തിന് അയിത്തോച്ചാടന സമരം തുടങ്ങുവാൻ കഴിയില്ലെന്നും അനാദികാലം മുതലുള്ള ആചാരങ്ങൾ ആർക്കും ഇല്ലാതാക്കുവാൻ സാധിക്കില്ലെന്നുമാണ് ഈ പത്രം വാദിച്ചത്. നാട്ടിലെ തലതെറിച്ച ബിഎക്കാരുടെ സൃഷ്ടിയാണ് വൈക്കം സമരമെന്നായിരുന്നു ഈ പത്രത്തിന്റെ വാദം.

## വൈക്കത്തെത്തിയ ഐക്യകേരളം

വൈക്കം സത്യഗ്രഹം ഐക്യകേരളത്തിന്റെ സമരമായിരുന്നു. ഹിന്ദുസമുദായത്തിലുള്ളവർ മാത്രമല്ല യഹൂദരടക്കമുള്ള നാനാജാതിമതസ്ഥർ ഈ പ്രക്ഷോഭത്തിൽ അണിചേർന്നു. മൂന്നായിക്കിടന്നിരുന്ന അക്കാലത്തെ കേരളം സാമൂഹിക രാഷ്ട്രീയമാറ്റങ്ങൾക്കായി




വര: വി.എസ്. പ്രകാശ്

ഒന്നായിച്ചേർന്നുതുടങ്ങിയത് വൈക്കം സമരത്തിലൂടെയാണ്. 1916 മുതൽ നടന്ന മലബാർ ജില്ലാ രാഷ്ട്രീയ സമ്മേളനങ്ങളിലും ശ്രീനാരായണ മുന്നേറ്റത്തിലും ഈ പ്രവണത പ്രത്യക്ഷപ്പെട്ടിരുന്നു. മലബാറിൽ നിന്നെത്തിയ കെ പി കേശവമേനോൻ വൈക്കം സമരവേദിയിൽ  അറസ്റ്റ് ചെയ്യപ്പെട്ടു. മന്നത്തു പത്മനാഭൻ, ശ്രീ നാരായണ ഗുരുദേവൻ തുടങ്ങിയവർ ഈ സമരത്തിന് നേതൃത്വം നൽകിയതോടെ കേരളമാകമാനം പ്രചരിച്ച സമരമായി വൈക്കത്തെ പ്രക്ഷോഭം.

വൈക്കം സത്യഗ്രഹത്തെ ശക്തമാക്കിയത് ശ്രീനാരായണഗുരുവിന്റെ നേതൃത്വവും ആശയങ്ങളുമായിരുന്നു. വിപ്ലവാത്മക നിർദേശങ്ങളുമായാണ് ജനമുന്നേറ്റത്തിനെ നയിക്കുവാൻ ഗുരുദേവൻ സമരഭൂമികയിലെത്തിയത്. ക്ഷേത്രറോഡിലെ നിരോധനം ലംഘിച്ചാൽ മാത്രംപോരായെന്നും ജാതിക്കോട്ടകൾ തകർക്കാൻ ക്ഷേത്രത്തിനകത്ത് പ്രവേശിക്കേണ്ടതാണെന്നും ഗുരുദേവൻ ഉപദേശിച്ചു.

## ആധുനികഭാരതത്തിന് വഴികാട്ടി

വൈക്കം സത്യഗ്രഹം പ്രതിനിധാനം ചെയ്തത് സ്വാതന്ത്ര്യസമരത്തിന്റെ അകക്കാമ്പിനെയാണ്. ജാതീയതയും മതാന്ധതയുമില്ലാത്ത നവസമൂഹത്തിനായാണ് പ്രക്ഷോഭമെന്ന് സമരം വിളിച്ചു പറഞ്ഞു. ഇത് കേരളത്തിലെ സ്വാതന്ത്ര്യസമരത്തിന്റെ വിശേഷസ്വഭാവത്തെയാണ് വെളിപ്പെടുത്തിയത്. സമൂഹത്തിലെ അടിസ്ഥാനവർഗത്തിന് സ്വാതന്ത്ര്യം അനുഭവവേദ്യമാകാതെ നാമെങ്ങനെ സ്വതന്ത്രരാകും എന്ന ഉയർന്ന ചിന്തയും ഈ സമരം മുന്നോട്ടുവച്ചു. ഇന്ത്യയിലെ സ്വാതന്ത്ര്യസമരനേതാക്കളെ കണ്ണ് തുറപ്പിച്ച സമരമായി മാറി വൈക്കം സമരം.

വൈക്കം ക്ഷേത്രത്തിന്റെ മൂന്നുവശങ്ങളിലുള്ള റോഡുകൾ നാനാജാതിമതസ്ഥർക്കു തുറന്നുകൊടുക്കുവാൻ സർക്കാർ സമ്മതിച്ചതോടെ സമരം അവസാനിക്കുകയുണ്ടായി. അക്കാലത്തെ പരിതസ്ഥിതിയിൽ ഇത് ഏറെ പ്രാധാന്യമുള്ള പുരോഗമനമാറ്റമായിരുന്നു. ഭയംവിതച്ച നിരോധനഫലകകൾ പിഴുതെറിയപ്പെടേണ്ടത് അയിത്തം വേരറ്റുപോകുവാനും രാജ്യം സ്വതന്ത്രമാകുവാനും ആവശ്യമാണെന്നുകരുതിയ പുതിയതലമുറയുടെ ദൃഢനിശ്ചയമാണ് ഈ സമരം വിജയിപ്പിച്ചത്. നവകേരളം പിറക്കുവാൻ വഴിയൊരുങ്ങിയത് ഈ നിലപാടും അതിനു ലഭിച്ച ജനപിന്തുണയുമാണ്.■

സി. റഹിം
മാധ്യമപ്രവർത്തകൻ




നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിലൂടെയും 'ഒളിവിലെ ഓർമ്മകൾ' എന്ന ഹൃദ്യമായ ഓർമ്മക്കുറിപ്പുകളിലൂടെയും മലയാളത്തിലെ സാധാരണക്കാരുടെ പോലും മനസ്സിൽ ഇടംപിടിച്ച അതുല്യപ്രതിഭയാണ് തോപ്പിൽഭാസി (1924–1992). 2024 തോപ്പിൽഭാസിയുടെ ജന്മശതാബ്ദി വർഷമാണ്

# ജീവിതത്തിൽനിന്ന് ചീന്തിയ ഏടുകൾ

രാഷ്ട്രീയപ്രവർത്തകൻ, നാടകകൃത്ത്, തിരക്കഥാകൃത്ത്, സിനിമാ സംവിധായകൻ, ചലച്ചിത്രനടൻ, കേരളത്തിലെ ആദ്യനിയമസഭയിൽ പത്തനംതിട്ട മണ്ഡലത്തെ പ്രതിനിധീകരിച്ച അംഗം തുടങ്ങിയ വിവിധ രംഗങ്ങളിൽ തിളങ്ങിനിന്ന വ്യക്തിത്വമായിരുന്നു തോപ്പിൽഭാസിയുടേത്. ഒരു ബഹുമുഖപ്രതിഭയെന്നുതന്നെ അദ്ദേഹത്തെ വിശേഷിപ്പിക്കാം.

മധ്യതിരുവിതാംകൂറിലെ ഓണാട്ടുകരയുടെ ഭാഗമായ വള്ളികുന്നത്തെ തോപ്പിൽ വീട്ടിൽ പരമേശ്വരപിള്ളയുടെയും നാണിക്കുട്ടിയമ്മയുടെയും മകനായി 1924 ഏപ്രിൽ എട്ടിനാണ് തോപ്പിൽ ഭാസ്കരപിള്ള എന്ന തോപ്പിൽ ഭാസി ജനിച്ചത്. വള്ളികുന്നം എസ്.എൻ.ഡി.പി.സ്കൂളിൽനിന്ന് പ്രാഥമികവിദ്യാഭ്യാസം നേടി. ചങ്ങൻകുളങ്ങര സംസ്കൃത സ്കൂളിൽനിന്ന് ശാസ്ത്രി പരീക്ഷ പാസായി. തിരുവനന്തപുരം ആയുർവേദ കോളേജിൽ നിന്ന് വൈദ്യകലാനിധി പരീക്ഷ പാസ്സായി. തിരുവനന്തപുരത്തെ പഠനകാലത്ത് വിദ്യാർഥി കോൺഗ്രസിലൂടെയാണ് രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചത്. നാട്ടിലെത്തി കോൺഗ്രസ് പ്രവർത്തകനായി. അക്കാലത്തെ കോൺഗ്രസിന്റെ പ്രവർത്തനങ്ങളിൽ അദ്ദഹത്തിന് നിരാശതോന്നിത്തുടങ്ങിയതോടെ അവരിൽ നിന്ന് അകന്നു. തോപ്പിൽഭാസിയുടെ ബന്ധുവും കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന പുതുപ്പള്ളി രാഘവന്റെയും ശങ്കരനാരായണൻ തമ്പിയുടെയും ശ്രമഫലമായി കർഷകത്തൊഴിലാളികളെയും മറ്റും സംഘടിപ്പിച്ച് വള്ളികുന്നത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി ഘടകം അപ്പോഴേക്കും രൂപവൽക്കരിച്ചിരുന്നു. 1940 മുതലാണ് തോപ്പിൽഭാസി സജീവമായി രാഷ്ട്രീയപ്രവർത്തകനായത്.

കേരളത്തെ പിടിച്ചുകുലുക്കിയ ശൂരനാട് സംഭവം നടക്കുന്നത് 1949 ഡിസംബർ 31 നാണ്. ജന്മിത്തത്തിനെതിരെയുള്ള തിരുവിതാംകൂറിലെ പ്രധാന പോരാട്ടങ്ങളിലൊന്നായിരുന്നു ഇത്. പോലീസിന്റെ ക്രൂരമർദനത്തിൽ നിരവധിപേർ കൊല്ലപ്പെട്ട ശൂരനാട്സംഭവത്തിൽ 26 പേരെയാണ് പ്രതിചേർത്തത്. അതിലൊരാളായിരുന്നു തോപ്പിൽഭാസി. തോപ്പിൽഭാസി ഉൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് നേതാക്കളിൽ പലരും ഒളിവിൽപ്പോയി. തോപ്പിൽ ഭാസിയെ പിടിച്ചുകൊടുക്കുന്നവർക്ക് സർക്കാർ







1000രൂപ ഇനാം പ്രഖ്യാപിച്ചിരുന്നു. 1952ൽ എണ്ണക്കാട്ടുനിന്ന് അദ്ദേഹം പോലീസ് പിടിയിലായി. അപ്പോഴേക്കും സോമൻ എന്ന പേരിൽ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകമെഴുതി അദ്ദേഹം പ്രശസ്തനായിരുന്നു. തെളിവില്ലെന്നു കണ്ട് പിന്നീട് 1959 ൽ കോടതി അദ്ദേഹത്തെ വെറുതെവിടുകയായിരുന്നു.

നിയമസഭാംഗവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മാവേലിക്കര താലൂക്ക് കമ്മിറ്റി സെക്രട്ടറിയുമായിരുന്നു അപ്പോൾ ഭാസി. 1954-ൽ തിരുകൊച്ചിനിയമസഭയിലേക്ക് ഭരണിക്കാവിൽനിന്നും 1957ലെ ആദ്യനിയമസഭയിൽ പത്തനംതിട്ടയിൽ നിന്നും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.

## സാമൂഹിക കാഴ്ചപ്പാടുള്ള രചനകൾ

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ജനമനസ്സുകളിൽ ആഴത്തിൽ വേരോട്ടമുണ്ടായതിന് തോപ്പിൽഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകവും ഒരു ഘടകമായിട്ടുണ്ട്. കേരള സാമൂഹികകാഴ്ചപ്പാടുള്ള നാടകങ്ങളും സിനിമകളുമായിരുന്നു തോപ്പിൽ ഭാസി എഴുതിയവയിലേറെയും.

തോപ്പിൽഭാസിയുടെ ജന്മനാടായ വള്ളികുന്നം ഞാൻ ജനിച്ച നൂറനാടിനടുത്തുതന്നെയാണ്. തോപ്പിൽഭാസിയുടെ രാഷട്രീയ തട്ടകവും നാടകങ്ങളും സിനിമകളും രൂപപ്പെട്ടതും ഈ ഭൂമികയിലാണ്.



**ജനമനസ്സുകളിൽനിന്ന് കുഷ്ഠരോഗികളോടു കാണിക്കുന്ന വിവേചനത്തിനെ തിരെയുള്ള അവബോധമെന്ന നിലയിൽക്കൂടിയാണ് തോപ്പിൽ ഭാസി അശ്വമേധം എഴുതുന്നത്**

നവോത്ഥാനപാരമ്പര്യത്തിന്റെ സ്വഭാവികമായ തുടർച്ചയായിരുന്നു ആ നാടകമെന്ന് പറയാം. കായംകുളത്തെ കേരള പീപ്പിൾസ് ആർട്ട്സ്ക്ലബ് (കെ.പി.എ.സി) 4000 വേദികളിലാണ് ഈ നാടകം അവതരിപ്പിച്ചത്. മലയാളനാടകചരിത്രത്തിൽ ഇങ്ങനെയൊരു വരവേൽപ്പ് മറ്റൊരു നാടകത്തിനും ലഭിച്ചിട്ടില്ല. വ്യക്തമായ

എന്റെ കൗമാരകാലത്ത് തോപ്പിൽ ഭാസിയെ പലതവണ കാണാനും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാനും എനിക്കവസരം ഉണ്ടായിട്ടുണ്ട്. ഞാൻ പഠിച്ച എരുമക്കുഴി എൽ.പി.എസിൽ ഒരു കാൽ മുറിച്ച നിലയിൽ ഒരു സാംസ്കാരികപരിപാടിയിൽ അദ്ദേഹം പങ്കെടുത്ത് സംസാരിക്കുന്നത് ഇപ്പോഴും മനസ്സിൽ തെളിഞ്ഞുനിൽക്കുന്നുണ്ട്.

കുഷ്ഠരോഗത്തെക്കുറിച്ച് പലവിധ അന്ധവിശ്വാസങ്ങളും ഭീതിയും നിലനിന്നിരുന്നകാലത്ത് തോപ്പിൽ ഭാസി എഴുതിയ നാടകമാണ് അശ്വമേധം. കുഷ്ഠരോഗത്തിന് ഫലപ്രദമായ മരുന്ന് ശാസ്ത്രം കണ്ടെത്തിയിരുന്നുവെങ്കിലും ജനങ്ങൾക്കതേക്കുറിച്ചുള്ള അറിവ് കുറവായിരുന്നു. ചികിത്സക്കുള്ള സാനിട്ടോറിയങ്ങളും നിലവിൽവന്നുവെങ്കിലും ജനങ്ങളുടെ ഭീതിയും അന്ധവിശ്വാസങ്ങളും മാറിയിരുന്നില്ല. ജനമനസ്സുകളിൽനിന്ന് കുഷ്ഠരോഗികളോടു കാണിക്കുന്ന വിവേചനത്തിനെതിരെയുള്ള അവബോധമെന്നനിലയിൽക്കൂടിയാണ് തോപ്പിൽ ഭാസി അശ്വമേധം എഴുതുന്നത്. നാടകത്തിലെ 'രോഗം ഒരു കുറ്റമാണോ ഡോക്ടർ ' എന്ന കുഷ്ഠരോഗിയായ സരോജത്തിന്റെ ചോദ്യം ഇന്നും സമൂഹത്തിൽ മുഴങ്ങുന്നുണ്ട്.

## മധ്യതിരുവിതാംകൂർ ജീവിതത്തിന്റെ പരിച്ഛേദം

നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിന്റെ ആദ്യ അവതരണം കണ്ട അനുഭവം കവി ഒ.എൻ.വി.കുറുപ്പ് വിവരിക്കുന്നതിങ്ങനെ: "1952ലെ മഞ്ഞണിഞ്ഞ ഒരു ഡിസംബർ രാത്രിയിൽ എന്റെ ഗ്രാമത്തിലെ തട്ടാശ്ശേരി മൈതാനത്തെ സുദർശൻ ടാക്കീസ് നിന്നിരുന്നിടത്ത് നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയെന്ന നാടകം ആദ്യമായി അരങ്ങേറി. കാമ്പിശ്ശേരി കരുണാകരൻ എം.എൽ.എ. എന്ന ചെറുപ്പക്കാരൻ മധ്യതിരുവിതാംകൂറിലെ ഒരു തകർന്ന തറവാട്ടിലെ വയസ്സൻ കാരണവരെ പുനഃസൃഷ്ടിച്ചു. വിശ്വസ്തസേവകനായ പപ്പുവായി ഒ.മാധവൻ സൂക്ഷ്മാഭിനയം കൊണ്ട് ശ്രദ്ധേയനായി. സുധർമ്മയുടെ നീലക്കുരുവി.. പാടിക്കൊണ്ടും ഒരു പച്ചമരച്ചീനി കൊത്തിയരിഞ്ഞുകൊണ്ടുമുള്ള ആ വരവും തോപ്പിൽ കൃഷ്ണപിള്ളയുടെ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന തലയപ്പുലയന്റെ അതുല്യാഭിനയവും കെ.എസ്.ജോർജിന്റെയും സുലോചനയുടെയും ശക്തിയും മാധുര്യവുമുള്ള ഗാനാലാപനവുമൊക്കെക്കൂടി കാണികൾ പ്രതീക്ഷിച്ചതിനപ്പുറത്തുള്ള നിലവാരത്തിലേക്ക് ആ നാടകമുയർന്നു.

യവനിക ഉയരുമ്പോഴുള്ള ദീപങ്ങൾ മങ്ങി മുതൽ അവസാനത്തെ പാട്ട് വരെ അത്യപൂർവമായ ശ്രദ്ധകൊണ്ട് ജനങ്ങളാദരിച്ചു. എതിർക്കാനും കൊട്ടക തന്നെ പൊളിക്കാനുമായി വന്നവർ നാടകത്തിൽ മുഴുകിയിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ ജീവിതത്തിന്റെ ഒരു പരിച്ഛേദമായിരുന്നു ആ നാടകം. തകർന്ന തറവാടുകളുടെ ദാരുണചിത്രങ്ങളും അനന്തദുരിതങ്ങളിൽനിന്നുള്ള കീഴാളരുടെ നവോത്ഥാനത്തിന്റെ മുഴക്കങ്ങളും അതിലുണ്ടായിരുന്നു. തിരികെ എന്റെ വീട്ടിലേക്ക് ദേവരാജനും ഞാനും നടന്നുപോകുമ്പോൾ നിലാവിന് തെളിച്ചമേറുന്നതായി തോന്നി"

വള്ളികുന്നത്ത് കമ്മ്യൂണിസ്റ്റ്



"1948 മുതൽ ഏതാണ്ട് നാലു കൊല്ലത്തിലേറെ ഒളിവിലും ആറുമാസത്തിലധികം ലോക്കപ്പിലുമായി ഞാൻ ജീവിക്കുകയുണ്ടായി. എന്നെപ്പോലെ അനേകായിരം പേർ അക്കാലത്ത് അങ്ങനെ ജീവിച്ചു.

ഒരുതരത്തിൽ ഭീകരമായിരുന്നു ആ ജീവിതം. പലരുമായി താരതമ്യപ്പെടുത്തുമ്പോൾ എന്റെ ജീവിതം ഭേദമായിരുന്നു. ഞാനൊരു വൈദ്യനാവാൻ ശ്രമിച്ചു- ഞാനൊരു വിപ്ലവകാരിയായി! ഞാനൊരുത്തിയെ വിവാഹം കഴിക്കാനുദ്ദേശിച്ചു- മറ്റൊരുത്തി എന്നെ പ്രേമിച്ചു- വേറൊരുവളെ വിവാഹം കഴിച്ചു! എന്റെ പെണ്ണ് എന്നെ വിചാരിച്ചും, ഞാൻ എന്റെ പെണ്ണിനെ വിചാരിച്ചും ധാരധാരയായി കണ്ണീരൊഴുക്കി.

ഞാനും മരണവും ഒപ്പമൊപ്പം മത്സരിച്ച് ഓടുകയുണ്ടായി,? രണ്ട് കൊല്ലം. ഒരിക്കൽപ്പോലും മരണത്തിന് എന്നെ പിന്നിലാക്കാൻ കഴിഞ്ഞില്ലെന്നുള്ളതിന് തെളിവാണ് ഞാൻ.

ഒരു കോഴിയെ കൊല്ലുന്നതു കണ്ടാൽ കണ്ണടച്ചു കളയുന്ന ഞാൻ കൊല്ലാനും ചാകാനുമായി കഠാരയും കൊണ്ടു നടന്നു. ഇടതുകൈയിൽ കഠാര വച്ചുകൊണ്ട് വലതുകൈ കൊണ്ട് ഞാൻ കഥയും നാടകവുമെഴുതി. ഞാൻപോലും വിചാരിച്ചില്ല, ഞാനെഴുതുമെന്ന്. എന്തെന്ത് വൈരുദ്ധ്യങ്ങൾ!"

തോപ്പിൽ ഭാസി, ഒളിവിലെ ഓർമ്മകൾ

പാർട്ടി വളർത്താനായി പ്രവർത്തിച്ചിരുന്ന സികെ. കുഞ്ഞുരാമൻ കുടുംബത്തോടൊപ്പം ശൂരനാട് സംഭവത്തെത്തുടർന്ന് ഒളിവിൽപ്പോയി. ഭാര്യയും ആറുമക്കളും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഈ കുടുംബം അനുഭവിച്ച കൊടുംയാതനയുടെ കഥയാണ് തോപ്പിൽ ഭാസിയുടെ മൂലധനം എന്ന നാടകത്തിന്റെ ഇതിവൃത്തം. ഇങ്ങനെ ഏതെങ്കിലുമൊക്കെ തരത്തിൽ സമൂഹത്തിൽനിന്ന് കണ്ടെടുത്ത ജീവിതത്തെയാണ് തോപ്പിൽ ഭാസി നാടകവും സിനിമയുമൊക്കെയാക്കിയത്.

നിരവധി ശ്രദ്ധേയമായ നാടകങ്ങൾ അദ്ദേഹം എഴുതി. ഇവയിൽ പലതും പിന്നീട് സിനിമയായി. നൂറിലേറെ ചിത്രങ്ങൾക്ക് തോപ്പിൽഭാസി തിരക്കഥയെഴുതിയിട്ടുണ്ട്. പതിനാറു സിനിമ സംവിധാനം ചെയ്തു.

മുൻസ്പീക്കർ ശങ്കരനാരായണൻ തമ്പിയുടെ അനന്തരവൾ അമ്മിണിയമ്മയാണ് തോപ്പിൽ ഭാസിയുടെ ഭാര്യ. ചലച്ചിത്ര സംവിധായകനായിരുന്ന അജയൻ, സോമൻ, രാജൻ, സുരേഷ്, മാല എന്നിവർ മക്കൾ. 1992 ഡിസംബർ എട്ടിന് അദ്ദേഹം അന്തരിച്ചു.

കേരളസാഹിത്യഅക്കാദമി അവാർഡ് രണ്ടുതവണ ലഭിച്ചു. കേരളസംഗീതനാടക അക്കാദമി ഫെലോഷിപ്പ്, പ്രൊഫ.എൻ.കൃഷ്ണപിള്ള അവാർഡ്, സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, ഏറ്റവും നല്ലസംവിധായകനുള്ള സംസ്ഥാന ചലച്ചിത്രപുരസ്കാരം, ഏറ്റവും നല്ല കഥക്കുള്ള സംസ്ഥാന ചലച്ചിത്രപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. കേരളജനതയെ ഒരാധുനിക സമൂഹമായി വളർത്തിയെടുക്കുന്നതിൽ സർഗധനനായ തോപ്പിൽഭാസി വഹിച്ച പങ്ക് വളരെ വലുതാണ്.

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.04.2024**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024




Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala
and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS